9 3469 / 2025

# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ : 0468-2223691

നമ്പർ: കെ.എസ്.എ.പി.റ്റി.എ-പി7/1263/2025 തീയതി: 21/11/2025

AIMS http://aims.ksad.kerala.gov.in/aims/auditReportDeta...

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ-പി7/1263/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 21/11/2025
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബിന്ദു മേരി തോമസ് | പ്രസിഡന്റ് | 01-04-2024 | 09-07-2024 |
| അഡ്വ. സാം പട്ടേരിൽ | പ്രസിഡന്റ് | 10-07-2024 | 28-07-2024 |
| ശ്രീമതി വിദ്യാമോൾ എസ്. | പ്രസിഡന്റ് | 29-07-2024 | 31-03-2025 |
| ശ്രീ. പ്രകാശ് കെ. | സെക്രട്ടറി | 01-04-2024 | 31-05-2024 |
| ശ്രീ. ഫ്രാൻസിസ് ജേക്കബ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2024 | 17-06-2024 |
| ശ്രീമതി രജനി രവീന്ദ്രൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-06-2024 | 08-09-2024 |
| ശ്രീ. ബിനു പി.എൽ. | സെക്രട്ടറി | 09-09-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഫ്രാൻസിസ് ജേക്കബ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 17-06-2024 |
| ശ്രീ. അനീഷ് കുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 18-06-2024 | 31-03-2025 |
| ശ്രീമതി പ്രീജ പ്രേം | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ. ജാർവിസ് ജേക്കബ് | സീനിയർ മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2024 | 25-07-2024 |
| ഡോ. അരുൺ സന്തോഷ് | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 26-07-2024 | 31-03-2025 |
| ഡോ. സിനീഷ് പി ജോയ് | സൂപ്രണ്ട്, താലൂക്ക് ഹെഡ്ക്വാട്ടേഴ്സ് ഹോസ്പിറ്റൽ | 01-04-2024 | 31-03-2025 |
| ഡോ. സിന്ധുമോൾ കെ.എസ്. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2024 | 31-03-2025 |
| ഡോ. സുബ്ബയ്യൻ എൻ | സീനിയർ വെറ്റിനറി സർജൻ | 01-04-2024 | 31-05-2024 |
| ഡോ. മാത്യു ഫിലിപ്പ് | സീനിയർ വെറ്റിനറി സർജൻ | 01-06-2024 | 31-07-2024 |
| ഡോ. കണ്ണൻ എ. | സീനിയർ വെറ്റിനറി സർജൻ | 01-08-2024 | 13-11-2024 |
| ഡോ. രമ്യ കെ. വാസു | സീനിയർ വെറ്റിനറി സർജൻ | 14-11-2024 | 18-12-2024 |
| ഡോ. പ്രീതി മേരി ഉമ്മൻ | സീനിയർ വെറ്റിനറി സർജൻ | 19-12-2024 | 31-03-2025 |
| ശ്രീ. അഫ്സൽ വൈ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 11-09-2024 |
| ശ്രീ. ജേക്കബ് അലക്സ് | അസിസ്റ്റന്റ് എഞ്ചിനീയർ | 12-09-2024 | 09-10-2024 |
| ശ്രീമതി ഗൗരിപ്രിയ എൽ. | അസിസ്റ്റന്റ് എഞ്ചിനീയർ | 10-10-2024 | 31-03-2025 |
| ശ്രീമതി റുമ ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 18-12-2024 |
| ശ്രീമതി രമ്യാമോൾ ആർ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-12-2024 |
| ശ്രീ. രാജേഷ് ഇ.എം. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-01-2025 | 31-03-2025 |
| ശ്രീമതി രാധിക എം. | ഹെഡ്മിസ്ട്രസ്സ് | 01-04-2024 | 31-03-2025 |
| ശ്രീമതി രേഖ എസ്. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീമതി റോഷ്ന കരിം | ഫിഷറീസ് ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ. അരുൺകുമാർ എൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ബാങ്ക് റീകൺസിലിയേഷൻ നടത്തിയതിൽ അപാകത | 1-1-1 |
| 3 | അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഓഫീസേഴ്സ് തുക വാർഷിക കണക്കിൽ ചേർത്തിട്ടില്ല | 1-1-2 |
| 4 | ക്യാപിറ്റൽ കോൺട്രിബ്യൂഷൻ തുകയിൽ മാറ്റമില്ല | 1-1-3 |
| 5 | ജേണലുകൾ വഴി രേഖപ്പെടുത്തുന്ന എൻട്രികൾക്ക് ആധികാരികതയില്ല | 1-1-4 |
| 6 | ഐ.സി.ഡി.എസ് ബാലൻസ് തുക ACR, B4 എന്നിവയുമായി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | NREGA വാർഷിക കണക്കിലെ തുക ACR ലെ തുകയുമായി പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | Liability In Respect Of Stale Cheque എൻട്രിയിൽ അവ്യക്തത | 1-1-7 |
| 9 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-8 |
| 10 | ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് തുക കൃത്യമല്ല | 1-1-9 |
| 11 | വരവ്-ചെലവ് നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം. | 1-3 |
| 14 | ഗ്രാന്റ് വിനിയോഗം | 1-4 |
| 15 | വാർഷിക പദ്ധതി അവലോകനം | 1-5 |
| 16 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | ക്ഷേമ പദ്ധതികൾ | 1-7 |
| 18 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 20 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 21 | വസ്തു നികുതി പിരിവ് പൂർണ്ണമല്ല | 1-11 |
| 22 | വസ്തുനികുതി പുനർനിർണ്ണയം പൂർത്തിയായില്ല | 1-12 |
| 23 | സേവന ഉപനികുതി ഈടാക്കാത്തതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം | 1-13 |
| 24 | ജീവനക്കാരിൽ നിന്നുള്ള തൊഴിൽനികുതി പിരിവ് - അപാകങ്ങൾ | 1- 14 |
| 25 | തൊഴിൽനികുതി കുറവായി ഈടാക്കി | 1- 15 |
| 26 | സ്ഥാപനതൊഴിൽ നികുതി ഈടാക്കാനവശേഷിക്കുന്നു | 1-16 |
| 27 | തനത് വരുമാനം ഒന്നിലധികം ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചിരിക്കുന്നു | 1-17 |
| 28 | ലൈസൻസ് ഫീസ് പിരിവ് -അപാകങ്ങൾ | 1-18 |
| 29 | ലൈസൻസ് ഫീസ് കുറവായി ഈടാക്കി | 1-19 |
| 30 | ജിംനേഷ്യങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-20 |
| 31 | സ്വകാര്യ ആശുപത്രികൾ രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്നു | 1-21 |
| 32 | വാടക കുടിശ്ശിക ഈടാക്കാൻ നടപടികൾ സ്വീകരിച്ചില്ല- | 1-22 |
| 33 | ബസ്സ്റ്റാന്റ് ഫീസ് ലേലം - തുക പൂർണ്ണമായും ഒടുക്കിയില്ല | 1-23 |
| 34 | തനത് വരുമാനം കറണ്ട് അക്കൗണ്ടുകളിൽ നിന്നും തനതു ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നില്ല | 1-24 |
| 35 | ധാതുഗതാഗത പെർമിറ്റ്- കെട്ടിട നിർമ്മാണം-തുടർനടപടികൾ സ്വീകരിക്കണം | 1-25 |
| 36 | ലേലം-ഭരണസമിതി തീരുമാനങ്ങളിൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല | 1-26 |
| 37 | ഇ-ടെണ്ടർ ഫീസിനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത തുക തിരികെ ലഭിച്ചിട്ടില്ല | 1-27 |
| 38 | ശമ്പളപരിഷ്കരണങ്ങൾക്ക് അംഗീകാരം വാങ്ങിയിട്ടില്ല. | 1-28 |
| 39 | തെരുവുവിളക്കുകളുടെ പരിപാലനം – അപാകതകൾ. | 1-29 |

| | | |
|---|---|---|
| 40 | വിവിധ ഡെപ്പോസിറ്റ് വർക്കുകൾ - രേഖകൾ ലഭ്യമായില്ല | 1-30 |
| 41 | പ്ലാസ്റ്റിക് പാഴ് വസ്തു സംഭരണശാലക്ക് വിഹിതം – വിനിയോഗ വിവരം ലഭ്യമായില്ല | 1-31 |
| 42 | വേസ്റ്റ് ബിൻ സ്ഥാപിച്ചിട്ടില്ല-80000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-32 |
| 43 | കാലി ബാരലുകളുടെ വില സർക്കാർ ഫണ്ടിൽ അടവാക്കിയിട്ടില്ല | 1-33 |
| 44 | ക്വാറിയുടെ കോർപ്പറേറ്റ് എൻവിറോൺമെന്റ് റെസ്പോൺസിബിലിറ്റി (സി.ഇ.ആർ) പ്രവർത്തനം ഉറപ്പാക്കാൻ നടപടി സ്വീകരിക്കണം | 1-34 |
| 45 | മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കുന്നില്ല | 1-35 |
| 46 | 67-ാം നമ്പർ അങ്കണവാടി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-36 |
| 47 | ഹോമിയോ ഡിസ്പെൻസറി കെട്ടിട പുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ല | 1-37 |
| 48 | പൊതുടാപ്പുകളുടെ വെള്ളക്കരം -കുടിശ്ശിക നിലനിൽക്കുന്നു | 1-38 |
| 49 | മെൻസ്ട്രുവൽ കപ്പ് നൽകൽ -ഉണഭോക്താക്കളുടെ ആവശ്യകത പരിഗണിച്ചില്ല | 1-39 |
| 50 | ലൈഫ് ഭവന പദ്ധതി - മുൻകൂർ കൈപ്പറ്റിയിട്ടും ഭവനനിർമാണം പൂർത്തിയാക്കിയില്ല. | 1-40 |
| 51 | ലോൺ തിരിച്ചടവ് ഇനത്തിൽ സ്രോതസ്സിൽ തുക കുറവ് ചെയ്യുന്നു - ഗ്രാമപഞ്ചായത്തിന് നഷ്ടം | 1-41 |
| 52 | ജൽജീവൻ മിഷൻ പ്രവർത്തനം അവലോകനം. | 1-42 |
| 53 | ഹെൽത്ത് ഗ്രാന്റ് - അവലോകനം | 1-43 |
| | **ഭാഗം 2** | |
| 1 | തൊഴിൽനികുതി കുറവായി ഈടാക്കി | 2-1 |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | മെഡിസെപ് പ്രീമിയം വിവരങ്ങൾ | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾ | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും, 31/03/2025 തീയതിയിലെ ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റ് ഉൾപ്പെടെയുള്ള ധനകാര്യ പത്രികകളും, പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും, ഭരണസമിതിയുടെ 11/07/2025 തീയതിയിലെ 3-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് 19/07/2025-ൽ എയിംസിലൂടെ ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും, ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കേണ്ടത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി.&എ.ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ടെന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട്ടുകൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31/03/2025-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31/03/2025-ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

പത്തനംതിട്ട
21/11/2025

### 1-1-1 ബാങ്ക് റീകൺസിലിയേഷൻ നടത്തിയതിൽ അപാകത

ബാങ്ക് റീകൺസിലിയേഷൻ - CFC Fund, CSB (9190001) ന്റെ മാർച്ച് 2025 ലെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ പാസ്ബുക്കിലെ തുകയിൽ നിന്നും Directly Credited By Bank - 26900, 10000 എന്നീ തുകകൾ കുറച്ചിട്ടുണ്ട്. എന്നാൽ പാസ് ബുക്ക് പരിശോധിച്ചതിൽ ടി തുകകൾ ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല.

### 1-1-2 അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഓഫീസേഴ്സ് തുക വാർഷിക കണക്കിൽ ചേർത്തിട്ടില്ല

B-18 -അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഓഫീസേഴ്സ് എന്ന ഹെഡിൽ തുക 0 എന്നാണ് വാർഷിക കണക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ അലോപ്പതി, ഹോമിയോ, ആയുർവേദ മെഡിക്കൽ ഓഫീസർമാർ മരുന്ന് വാങ്ങുന്നതിന് അഡ്വാൻസായി തുക ചെലവഴിക്കുകയും യഥാക്രമം 62107, 45114, 53161 രൂപയുടെ ഉപകരണങ്ങളും മരുന്നും ലഭിക്കാൻ ശേഷിക്കുകയും ചെയ്യുന്നുണ്ട്.

### 1-1-3 ക്യാപിറ്റൽ കോൺട്രിബ്യൂഷൻ തുകയിൽ മാറ്റമില്ല

വികസനഫണ്ട്, മെയിന്റനൻസ് ഫണ്ട്-റോഡ്, മെയിന്റനൻസ് ഫണ്ട്-നോൺ റോഡ് എന്നിവ ഉപയോഗിച്ച് ആസ്തി സൃഷ്ടിക്കുന്നതിനുള്ള ചെലവുകൾ ക്യാപിറ്റൽ കോൺട്രിബ്യൂഷനിലേക്ക് ചേർത്തിട്ടില്ല. മുൻവർഷത്തെ തുക തന്നെയാണ് തൻവർഷവും രേഖപ്പെടുത്തിയിരിക്കുന്നത്.

### 1-1-4 ജേണലുകൾ വഴി രേഖപ്പെടുത്തുന്ന എൻട്രികൾക്ക് ആധികാരികതയില്ല

ജേണലുകൾ വഴി രേഖപ്പെടുത്തുന്ന എൻട്രികൾക്ക് ആധികാരികതയില്ല. അംഗീകൃത വൗച്ചറുകളോ രേഖകളോ സൂക്ഷിച്ചിട്ടില്ല.

### 1-1-5 ഐ.സി.ഡി.എസ് ബാലൻസ് തുക ACR, B4 എന്നിവയുമായി പൊരുത്തപ്പെടുന്നില്ല

ഐ.സി.ഡി.എസ് -ACR പ്രകാരം 24,60,409 രൂപയും, B4 പ്രകാരം 26,89,489 രൂപയും ആണ് നീക്കിബാക്കിയായി രേഖപ്പെടുത്തിയിരിക്കുന്നത്.

### 1-1-6 NREGA വാർഷിക കണക്കിലെ തുക ACR ലെ തുകയുമായി പൊരുത്തപ്പെടുന്നില്ല

Advance To NREGA- വാർഷിക കണക്കിലെ തുകയും (1341956 ) ACR മാന്വൽ (1353945) ലെ തുകയും പൊരുത്തപ്പെടുന്നില്ല.

### 1-1-7 Liability In Respect Of Stale Cheque എൻട്രിയിൽ അവ്യക്തത

RP-35 ലെ Liability In Respect Of Stale Cheque എൻട്രിയിൽ അവ്യക്തതയുണ്ട്. (Cheque No. 564484, 07.10.2024, 204900). 2023-24-ൽ റിട്ടേൺ ആയ ചെക്കിലെ തുക Journal Entry മുഖേന 4,385 രൂപ കുറവ് വരുത്തി 2,00,515 എന്നാണ് 2024-25-ൽ Liability In Respect Of Stale Cheque-ൽ രേഖപ്പെടുത്തിയിരിക്കുന്നത്. ടി തുക 08.10.2024-ൽ വിത്ഡ്രോവൽ ആയിട്ടുള്ളതുമാണ്.

### 1-1-8 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-9 ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് തുക കൃത്യമല്ല

ഷെഡ്യൂൾ B-11(b) -Capital Work In Progress എന്ന ഹെഡിൽ അക്കൗണ്ട് ചെയ്തിട്ടുള്ള തുക (594029) കൃത്യമല്ല. ആസ്തി സൃഷ്ടിക്കുന്നതിനായി പാർട്ട് ബിൽ പ്രകാരം മാറിയ തുകയല്ല രേഖപ്പെടുത്തിയിട്ടുള്ളത്.

### 1-1-10 വരവ്-ചെലവ് നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

ലൈഫ് പദ്ധതി വരവ് തുക, ഹെൽത്ത് ഗ്രാന്റ് വരവ്-ചെലവ് തുക, CFC ടൈഡ് ഗ്രാന്റ് നീക്കിയിരിപ്പ്, ഐ.സി.ഡി.എസ് ബാലൻസ് തുക എന്നിവ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്

2024-25 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 12/02/2024 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരവും, ജനറൽ കമ്മിറ്റിയുടെ 13/02/2024 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു. 88,75,658 രൂപ മുന്നിരിപ്പും 17,35,09,358 രൂപ പ്രതീക്ഷിത വരവും 16,47,63,800 രൂപ പ്രതീക്ഷിത ചെലവും 87,45,558 രൂപ പ്രതീക്ഷിത നീക്കിയിരിപ്പും ഉള്ള ബജറ്റാണ് അംഗീകരിച്ചിട്ടുള്ളത്. പുതുക്കിയ ബജറ്റ് 27/02/2025 തീയതിയിലെ 2(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം.

| | റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരം | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രിക പ്രകാരം |
|---|---|---|
| പ്രാരംഭ ബാക്കി | 18332558 | - |
| വരവ് | 41605220 | 106937418 |
| ആകെ | 59937778 | 106937418 |
| ചെലവ് | 38177478 | 99853559 |
| നീക്കിയിരിപ്പ് | 21760300 | - |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവഴിക്കാത്ത തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ * | -- | 15308000 | 15308000 | 13123659 | -- | 2184341 |
| വികസന ഫണ്ട്-എസ്.സി.പി* | -- | 3970000 | 3970000 | 3550918 | -- | 419082 |
| വികസന ഫണ്ട്-റ്റി.എസ്.പി * | -- | 197000 | 197000 | 197000 | -- | -- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)-ബാങ്ക് | 2701353 | 5287500 | 7988853 | 1030644 | 6958209 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)-ട്രഷറി | -- | 2779336 | 2779336 | 0 | | 2779336 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്)-ബാങ്ക് | 3425839 | 2579200<br>പലിശ- 289548 | 6294587 | 2040018 | 4254569 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്)-ട്രഷറി | -- | 13744 | 13744 | 0 | | 13744 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | -- | 23840000 | 23840000 | 11215840 | | 12624160 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ-റോഡ് | -- | 3208000 | 3208000 | 1567199 | | 1640801 |
| സംസ്ഥാനാവിഷ്കൃത/കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | |
| ഹെൽത്ത് ഗ്രാന്റ് (D) | 191562 | 644274 | 835836 | 5519840 | 283852 | |
| ഹെൽത്ത് ഗ്രാന്റ് (H.W) | 165751 | 554235 | 7199860 | 211562 | 508424 | |
| ഐ.സി.ഡി.എസ്. | 1634093 | 1055396 | 2689489 | 229080 | 2460409 | |
| ശുചിത്വ മിഷൻ | 613941 | 0 | 613941 | 0 | 613941 | |
| സ്വച്ഛ് ഭാരത് അഭിയാൻ | 865073 | 132000 | 997073 | 132000 | 865073 | |
| ലൈഫ് ഭവന പദ്ധതി-സംസ്ഥാന വിഹിതം | 545524 | 311854 | 857378 | 350000 | 507378 | |
| NHM | 500000 | 0 | 500000 | 0 | 500000 | |
| പൈക | 42931 | 2121 | 45052 | 0 | 45052 | |
| സാക്ഷരത | 45996 | 2258 | 48254 | 0 | 48254 | |
| CMDRF | 0 | 69428 | 69428 | 69428 | 0 | |

*കുറിപ്പ്:

ജനറൽ പർപ്പസ് ഗ്രാന്റിനത്തിൽ തൻവർഷം 12 ഗഡുക്കളിലായി 11240433 രൂപയും ഗ്യാപ്ഫണ്ടായി 12793 രൂപയും ചേർത്ത് 11253226 രൂപ സ്ഥാപനത്തിന് ലഭിച്ചിട്ടുണ്ട്. സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോ. നമ്പർ | പ്രോജക്ട് | തുക |
|---|---|---|
| 350 | അങ്കണവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക | 832200 |
| 352 | ലൈഫ് മിഷൻ വായ്പ- മുതൽ തിരിച്ചടവ് (ജനറൽ)-രണ്ടാം ഗഡു | 97806 |
| 353 | ലൈഫ് മിഷൻ വായ്പ- മുതൽ തിരിച്ചടവ് (എസ്.സി.പി)-രണ്ടാം ഗഡു | 28667 |
| 354 | ലൈഫ് മിഷൻ വായ്പ- മുതൽ തിരിച്ചടവ് (ജനറൽ)-മൂന്നാം ഗഡു | 97805 |
| 355 | ലൈഫ് മിഷൻ വായ്പ- മുതൽ തിരിച്ചടവ് (എസ്.സി.പി)-മൂന്നാം ഗഡു | 28667 |
| 356 | ലൈഫ് മിഷൻ വായ്പ- മുതൽ തിരിച്ചടവ് (ടി.എസ്.പി)-മൂന്നാം ഗഡു | 20000 |
| 357 | ലൈഫ് മിഷൻ വായ്പ- മുതൽ തിരിച്ചടവ് (ടി.എസ്.പി)-രണ്ടാം ഗഡു | 20000 |
| | ആകെ | 1125145 |

## 1-5 വാർഷിക പദ്ധതി അവലോകനം

2024-25 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 246 | 95554273 | 145 | 37725032 | 101 | 39.4 |

നിർവ്വഹണോദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് | % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 1605803 | 1064275 | 66 |
| വെറ്ററിനറി സർജൻ | 9 | 9 | 3417200 | 1489801 | 43.5 |
| മെഡിക്കൽ ഓഫീസർ – പി.എച്ച്.സി | 7 | 7 | 2881046 | 1853495 | 64 |
| മെഡിക്കൽ ഓഫീസർ- ഹോമിയോ | 2 | 2 | 250000 | 250000 | 100 |
| മെഡിക്കൽ ഓഫീസർ- ആയുർവേദം | 4 | 4 | 480000 | 479855 | 99.9 |
| സബ് ഇൻസ്പെക്ടർ – ഫിഷറീസ് | 2 | 2 | 370000 | 148000 | 40 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 23 | 15 | 28528804 | 6088452 | 21 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 17 | 13 | 4572007 | 3520072 | 77 |
| സെക്രട്ടറി | 44 | 19 | 8697816 | 5428892 | 62.4 |
| ഹെഡ്മിസ്ട്രസ് | 9 | 9 | 993000 | 849665 | 85.5 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 105 | 44 | 39600746 | 14533226 | 36.6 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 4 | 4 | 1180706 | 656457 | 55.5 |
| അസിസ്റ്റന്റ് സെക്രട്ടറി | 14 | 11 | 1852000 | 1362842 | 73.5 |
| ആകെ | 246 | 145 | 94429128 | 37725032 | 39.9 |

സ്രോതസിൽ കുറവു ചെയ്ത തുകകൾ അടങ്കൽ തുകയിൽ ഉൾപ്പെടുത്താത്തതിനാൽ സുലേഖ പത്രികയിലെ ആകെ അടങ്കൽ തുകയിൽ 11,25,145 രൂപയുടെ കുറവുണ്ടായിട്ടുണ്ട്.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1 | 1290093 | 1290094 | 1290094 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 9912253 | 9912253 | 9912253 | 0 |
| ആകെ | 1 | 11202346 | 11202347 | 11202347 | 0 |

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് വാർഷികധനകാര്യപത്രികയിലെ വരവ് ചെലവ് വിവരങ്ങളും തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവ് കണക്കുകളും തമ്മിൽ 13,41,956 രൂപയുടെ വ്യത്യാസമുണ്ട്.

പഞ്ചായത്തിൽ നിന്ന് മുൻകൂറായി നൽകിയ തുകയാണിത്. ഈ തുക ഷെഡ്യൂൾ ബി18-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 2,16,54,600 | 77 |
| കർഷക തൊഴിലാളി പെൻഷൻ | 30,15,600 | 22 |
| വിധവ പെൻഷൻ | 76,49,900 | 29 |
| അവിവാഹിതരായ 50 വയസിലധികം പ്രായമുള്ള വനിതകൾക്ക് ഉള്ള പെൻഷൻ | 2,62,000 | 21 |
| മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 20,95,800 | 33 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.10.2025 തീയതിയിൽ 3.00 P.M-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16,106 രൂപ (പതിനാറായിരത്തി ഒരുനൂറ്റി ആറ് രൂപ) നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിൽ സാമ്പത്തിക വിനിമയങ്ങൾ ILGMS സോഫ്റ്റ്‌വെയർ വഴിയാണ് നടത്തിയിട്ടുള്ളത്. ഡേ ബുക്ക്, ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. വരവിനങ്ങളുടെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നിർവ്വഹിച്ച വാർഷിക പദ്ധതി പ്രോജക്ടുകളുമായി ബന്ധപ്പെട്ട ഫയലുകളും മെച്ചപ്പെട്ട നിലയിൽ സൂക്ഷിച്ചിട്ടുണ്ട്. നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമത പുലർത്തിയിട്ടുണ്ട്. എങ്കിലും നികുതി പിരിവ് 100% കൈവരിക്കാൻ സാധിച്ചിട്ടില്ല. പദ്ധതിപ്രവർത്തനങ്ങളിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ സജീവ പങ്കാളിത്തം ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.09.2013 | 2013-14 | 19.09.2013 |
| പെർഫോമൻസ് ഓഡിറ്റ് | 27.06.2022 & 28.06.2022 | 4/2021 - 3/2022 | 10.10.2022 |

## 1-11 വസ്തു നികുതി പിരിവ് പൂർണ്ണമല്ല

വാർഷിക ധനകാര്യ പത്രിക പ്രകാരം (ഷെഡ്യൂൾ B-15) വസ്തു നികുതി കുടിശ്ശികയായി 15,54,696 രൂപ ഈടാക്കാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| Receivables For Property Tax On Residential Buildings (Current) | 350863 |
| Receivables For Property Tax On Residential Buildings (Arrears) | 249588 |
| Receivables For Property Tax On Non-Residential Buildings (Current) | 201623 |
| Receivables For Property Tax On Non-Residential Buildings (Arrears) | 752622 |
| **ആകെ** | **1554696** |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/25.10.2025) ഗൃഹങ്ങൾ, വാണിജ്യകെട്ടിടങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്നിവിടങ്ങളിൽ നിന്ന് വസ്തുനികുതി ഈടാക്കാനവശേഷിക്കുന്നതായി സെക്രട്ടറി മറുപടി ലഭ്യമാക്കി. വസ്തുനികുതി പിരിച്ചെടുക്കുന്നതിനായി എല്ലാ വാർഡുകളിലും കുടുംബശ്രീ വഴി ഡിമാന്റ്

നോട്ടീസ് വിതരണം ചെയ്തിട്ടുണ്ടെന്നും റവന്യൂ റിക്കവറി നടപടികളിലൂടെ കുടിശ്ശിക തുക പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ റവന്യൂ വരവുകൾ യഥാവിധി പിരിച്ചെടുക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തുന്ന വിഷയം ആറാം സംസ്ഥാന ധനകാര്യകമ്മീഷൻ പ്രത്യേകമായി പരിഗണിച്ചിരുന്നു. ഇതിന് ഒരു പരിഹാരമെന്ന നിലയിൽ ആകെ റവന്യൂ ഡിമാന്റ് തുകയുടെ 90 ശതമാനമെങ്കിലും പിരിച്ചെടുക്കാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അർഹമായ വികസനഫണ്ടിന്റെ (പൊതു വിഭാഗം) ഒരു ശതമാനം പിഴയായി ഈടാക്കണമെന്ന് ധനകാര്യ കമ്മീഷന്റെ 2-ാമത് റിപ്പോർട്ടിലെ 8-ാം നമ്പർ ശിപാർശയായി സർക്കാർ മുമ്പാകെ സമർപ്പിക്കുകയുണ്ടായി. ഈ ശിപാർശ അംഗീകരിച്ച് സർക്കാർ ധനകാര്യവകുപ്പിന്റെ 18.10.2022-ലെ സ.ഉ(കൈ)179/2022 നമ്പർ ഉത്തരവിലൂടെ പിഴ ഈടാക്കൽ നടപടിയ്ക്ക് 2022-23 സാമ്പത്തിക വർഷം മുതൽ പ്രാബല്യം നൽകിയിട്ടുണ്ട്. തനത് വരവ് പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തുന്നത് ഇപ്രകാരം ഫണ്ട് നഷ്ടപ്പെടുന്നതിന് ഇടയാക്കും. പഞ്ചായത്തിനു നിയമാനുസൃതം ലഭിക്കേണ്ട തനതു വരുമാനം പൂർണ്ണമായും സമാഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിനായി ജീവനക്കാരുടെയും ജനപ്രതിനിധികളുടേയും കൂട്ടായ പരിശ്രമം ഉണ്ടാകേണ്ടതാണ്.

## 1-12 വസ്തുനികുതി പുനർനിർണ്ണയം പൂർത്തിയായില്ല

വസ്തുനികുതി നിർണ്ണയത്തിനു ശേഷം തറവിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മാറ്റം വന്നിട്ടുള്ള കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയത്തിന് സ്വീകരിക്കേണ്ട നടപടിക്രമം സംബന്ധിച്ച് 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17-ൽ പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ, ഇപ്രകാരമുള്ള നികുതി നഷ്ടം പരിഹരിക്കുന്നതിനായി ഒരു പരിശോധനാ സംവിധാനം ഏർപ്പെടുത്തണമെന്ന് ജി.ഒ.(എം.എസ്.)നം.77/2023/തസ്വഭവ തീയതി 22.03.2023 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുമുണ്ട്. വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ, ഐ.ടി.ഐ യോഗ്യതയുള്ളവരെ നിയോഗിക്കാവുന്നതാണ്. വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച വിവരശേഖരണത്തിന്റെയും നികുതിപുനർനിർണ്ണയത്തിന്റേയും പുരോഗതിയുടെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.14/25.10.2025) നൽകിയിരുന്നു. ഇതിന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളോട് ചേർന്ന് അനധികൃതമായി കൂടുതൽ മുറികൾ കൂട്ടിച്ചേർക്കുന്നതുമൂലവും ഉപയോഗക്രമത്തിൽ മാറ്റം വരുത്തുന്നതു വഴിയുമുണ്ടാകുന്ന നികുതിനഷ്ടം പരിഹരിക്കുന്നതിനായി ഫീൽഡ് പരിശോധന നടത്തി വിവരം ശേഖരിച്ച് നികുതി പുനർനിർണ്ണയം നടത്തുന്നതിനായി ഇന്റർവ്യൂ നടത്തി യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുത്തതായും രണ്ട് വാർഡുകളിലെ (നം. 8, 14) വിവരശേഖരണം പൂർത്തിയായതായും എന്നാൽ ഈ വാർഡുകളിൽ നികുതിപുനർനിർണ്ണയം നടത്തിയിട്ടില്ലായെന്നും പ്രതിഫലം കുറവായതിനാൽ മറ്റ് വാർഡുകളിലെ വിവരശേഖരണനടപടികൾ പൂർത്തീകരിച്ചിട്ടുമില്ല എന്നുമാണ് അറിയിച്ചത്. ഈ വിഷയം പഞ്ചായത്ത് കമ്മിറ്റിയിൽ അജണ്ടയായി ഉൾപ്പെടുത്തി വസ്തുനികുതി പരിഷ്കരണനടപടികൾ പൂർത്തീകരിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചു.

വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ടുള്ള വിവരശേഖരണവും നികുതി പുനർനിർണ്ണയവും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 സേവന ഉപനികുതി ഈടാക്കാത്തതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്ക് (ജല വിതരണം, ശുചിത്വ പരിപാലനം, തെരുവു വിളക്കുകൾ, ഡ്രെയിനേജ്) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും ആക്ടിലെ 207-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന് പ്രസ്തുത ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ജല വിതരണം, ശുചിത്വ പരിപാലനം, തെരുവു വിളക്കുകൾ, ഡ്രെയിനേജ് മുതലായ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണെന്നും എന്നാൽ അപ്രകാരം ചുമത്തുന്ന സേവന ഉപനികുതി 27-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിരക്കിൽ കുറയാൻ പാട്ടുള്ളതല്ലായെന്നും വ്യവസ്ഥ ചെയ്യുന്നു. 27-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഏറ്റവും കുറഞ്ഞ നിരക്കുകൾ അനുസരിച്ച് ശുചിത്വ പരിപാലനം (4%), ജലവിതരണം (3%), തെരുവു വിളക്കുകൾ (2%), ഡ്രെയിനേജ് (1%) എന്നിങ്ങനെ കുറഞ്ഞത് വസ്തുനികുതിയുടെ 10% നിരക്കിൽ സേവന ഉപനികുതി ഈടാക്കാമായിരുന്നു. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യത എന്ന നിലയിൽ സേവന ഉപനികുതി ഈടാക്കുന്നതിന്റെ ആവശ്യകതയിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1- 14 ജീവനക്കാരിൽ നിന്നുള്ള തൊഴിൽനികുതി പിരിവ് - അപാകങ്ങൾ

2024-25 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിവു സംബന്ധിച്ച് ലഭ്യമാക്കിയ രജിസ്റ്ററിൽ ജീവനക്കാരുടെ പേരുവിവരം രേഖപ്പെടുത്തുന്നതിനു പകരം അതത് സ്ഥാപനങ്ങൾ ലഭ്യമാക്കിയ തൊഴിൽനികുതി റിട്ടേൺ സൂക്ഷിച്ചിരിക്കുകയാണ്. ഭൂരിഭാഗം സ്ഥാപനങ്ങളുടെയും ഒന്നാം അർദ്ധവർഷത്തെ റിട്ടേണുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രജിസ്റ്ററിൽ വാർഷികസംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് 2024-25 ഒന്നാം അർദ്ധവർഷത്തിൽ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | കുടുംബശ്രീ സി.ഡി.എസ് |
| 2 | സി.എം.എസ്.ഇ.കെ.ജി & എൽ.പി.സ്കൂൾ, മല്ലപ്പള്ളി |
| 3 | പി.സി.എ.ആർ.ഡി.ബാങ്ക്, മല്ലപ്പള്ളി |
| 4 | ജെ. മാർട്ട് സൂപ്പർബസാർ, മല്ലപ്പള്ളി |
| 5 | ജെ. മാർട്ട് മാർജിൻ ലെസ്സ് ഹൈപ്പർമാർക്കറ്റ്, മല്ലപ്പള്ളി |
| 6 | റജി എബ്രഹാം & കോ. ചാർട്ടേഡ് അക്കൗണ്ടന്റ് |
| 7 | ലഷ് ഫുഡ് പ്രൊഡക്ട്സ്, മല്ലപ്പള്ളി |
| 8 | ഹോട്ടൽ ജോൺസ്, മല്ലപ്പള്ളി |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 10/25.10.2025) കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുള്ളതായും തുക അടിയന്തരമായി പിരിച്ചെടുക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക ഈടാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

2. കെ.എസ്.ബി.സി., മല്ലപ്പള്ളി എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ ഒന്നാം അർദ്ധവർഷത്തിലെ തൊഴിൽനികുതി റിട്ടേൺ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രണ്ടാം അർദ്ധവർഷത്തെ റിട്ടേണിൽ മൂന്ന് ജീവനക്കാരിൽ നിന്ന് 170 രൂപ വീതം തൊഴിൽ നികുതി ഈടാക്കിയതായി രേഖപ്പെടുത്തിയിരിക്കുന്നു. തൊഴിൽനികുതി സ്ലാബിൽ ഇങ്ങനെ ഒരു തുക ഉൾപ്പെടുന്നില്ല. റിട്ടേണിലെ രേഖപ്പെടുത്തലുകൾ കൃത്യമല്ല. ജീവനക്കാരുടെ യഥാർത്ഥ വരുമാനം സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ട് ഈടാക്കേണ്ട തൊഴിൽനികുതി കൃത്യമായി കണക്കാക്കി ഈടാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

3. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകൾ, അക്ഷയ കേന്ദ്രങ്ങൾ എന്നിവയിലെ ജീവനക്കാരിൽ നിന്നും, ഗ്രാമപ്പഞ്ചായത്തിൽ പൊതുമരാമത്ത് പണികൾ ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനായി നോട്ടീസ് നൽകിയിട്ടുള്ളതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലുൾപ്പെട്ടതും തൊഴിൽ നികുതി അടവാക്കാൻ ബാദ്ധ്യസ്ഥരായതുമായ എല്ലാവരിൽ നിന്നും ആയത് ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1- 15 തൊഴിൽനികുതി കുറവായി ഈടാക്കി

സ.ഉ.(സാധാ).നം.1149/2024/LSGDതീയതി 27.06.2024 പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ തൊഴിൽനികുതി സ്ലാബുകൾ പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട് (01.10.2024 മുതൽ പ്രാബല്യം). തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ രേഖകളുടെ പരിശോധനയിൽ, ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവുണ്ടായിട്ടുള്ളതായി ബോദ്ധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരുടെ പേര് | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ടിയിരുന്ന തൊഴിൽ നികുതി | ഈടാക്കിയ തൊഴിൽ നികുതി | കുറവായി ഈടാക്കിയ തുക |
|---|---|---|---|---|---|---|
| 1 | താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, മല്ലപ്പള്ളി | ബിന്ദു പി. | 38640 | 600 | 300 | 300 |

| | | | | | | |
|---|---|---|---|---|---|---|
| 2 | മല്ലപ്പള്ളി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കീഴ്‌വായ്പ്പൂർ | സുജിത സോമൻ | 48000 | 750 | 450 | 300 |
| 3 | | പ്രിയ തങ്കപ്പൻ | 24000 | 450 | 180 | 270 |
| 4 | | അജയരാജ് | 24000 | 450 | 180 | 270 |
| 5 | മല്ലപ്പള്ളി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, പാടിമൺ | സുരേഷ് കുമാർ പി.പി. | 24000 | 450 | 180 | 270 |
| 6 | പോസ്റ്റ് ഓഫീസ്, പെരുമ്പ്രമാവ് | ഗോവിന്ദ് ഗണേഷ് | 72000 | 750 | 600 | 150 |
| 7 | എഫേത്താ പ്രൊഡക്ഷൻ സെന്റർ | ജോർജ് മാത്യു | 31000 | 600 | 300 | 300 |
| 8 | | ജോസഫ് വർഗീസ് | 72000 | 750 | 600 | 150 |
| 9 | | ജേക്കബ് മാത്യു | 39648 | 600 | 300 | 300 |
| 10 | | ബെന്നി ജോൺ | 42600 | 600 | 300 | 300 |
| | ആകെ | | | | | 2610 |

I) മല്ലപ്പള്ളി താലൂക്ക് ഹോസ്പിറ്റലിലെ ശ്രീമതി രേഷ്മ ബാബു എന്ന ജീവനക്കാരിയുടെ അടിസ്ഥാന ശമ്പളം 21,610 രൂപയും ശ്രീമതി മഞ്ജു കെ. എന്ന ജീവനക്കാരിയുടെ അടിസ്ഥാനശമ്പളം 21,400 രൂപയും ആണെന്ന് തൊഴിൽനികുതി റിട്ടേണിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് കണക്കാക്കിയാൽ ഇവരുടെ അർദ്ധവാർഷിക വരുമാനം യഥാക്രമം 1,29,660, 1,28,400 എന്നിങ്ങനെയാണ്. ആയത് പ്രകാരം 1,250 രൂപ വീതമാണ് തൊഴിൽനികുതി ഈടാക്കേണ്ടിയിരുന്നത്. ലഭ്യമാക്കിയ റിട്ടേൺ പ്രകാരം 1,000 രൂപ വീതമാണ് ഈടാക്കിയിരിക്കുന്നത്. ആകെ 500 രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്. സ്ഥാപനം സമർപ്പിച്ചിട്ടുള്ള റിട്ടേണിൽ അർദ്ധവർഷത്തെ ആകെ വരുമാനം രേഖപ്പെടുത്തിയിട്ടില്ല. യഥാർത്ഥ വരുമാനം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കി തൊഴിൽനികുതി കൃത്യമായി കണക്കാക്കി ഈടാക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/25.10.2025) ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽനികുതി റിട്ടേണുകൾ ഫ്രണ്ട് ഓഫീസ് വഴി സ്വീകരിച്ചപ്പോൾ സ്ലാബുകൾ തെറ്റിയതുമൂലം കുറവായി ഈടാക്കിയ തുക അടിയന്തരമായി നോട്ടീസ് നൽകി പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. കുറവായി ഈടാക്കിയ 3,110 രൂപ ഈടാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 സ്ഥാപനതൊഴിൽ നികുതി ഈടാക്കാനവശേഷിക്കുന്നു

സ്ഥാപനതൊഴിൽ നികുതി ഈടാക്കേണ്ട സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. അതിനാൽ ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപനതൊഴിൽ നികുതി ഈടാക്കിയെന്നതിന്റെ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. ജീവനക്കാരുടെ തൊഴിൽനികുതി പിരിവുമായി ബന്ധപ്പെട്ട് സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ നിന്ന് ലഭ്യമായ വിവരങ്ങൾ, സ്ഥാപനങ്ങൾ സമർപ്പിച്ചിട്ടുള്ള രേഖകൾ, ഐ.എൽ.ജി.എം.എസ്-ലെ വിവരങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചതു പ്രകാരം ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | 2024-25 |
|---|---|---|
| 1 | ഇന്ത്യൻ ഓവർസീസ് ബാങ്ക് | ഒന്നാം അർദ്ധവർഷം |
| 2 | മല്ലപ്പള്ളി പി.സി.എ.ആർ.ഡി ബാങ്ക് | ഒന്നാം അർദ്ധവർഷം |
| 3 | മല്ലപ്പള്ളി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, മല്ലപ്പള്ളി | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 4 | മല്ലപ്പള്ളി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, പാടിമൺ | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 5 | മല്ലപ്പള്ളി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, നെല്ലിമൂട് | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 6 | മല്ലപ്പള്ളി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, നാരകത്താനി | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 7 | മല്ലപ്പള്ളി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, മുരണി | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 12/25.10.2025) ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനതൊഴിൽനികുതി സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കുന്നതിനും ഈടാക്കാൻ അവശേഷിക്കുന്ന നികുതി ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-17 തനത് വരുമാനം ഒന്നിലധികം ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചിരിക്കുന്നു

സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി, തനത് വരുമാനം നിക്ഷേപിക്കുന്നതിന് പഞ്ചായത്ത് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ ഉപയോഗിക്കുന്നു. സർക്കുലർ നം.58725/എഫ്.എം/3/2008/ത.സ്വ.ഭ.വ. 26.05.2011-ൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തനത് വരുമാനം ട്രഷറി അക്കൗണ്ടിനു പുറമേ ഒരു ദേശസാൽകൃത ബാങ്ക് അക്കൗണ്ടിലോ സഹകരണ ബാങ്ക് അക്കൗണ്ടിലോ മാത്രം നിക്ഷേപിക്കണമെന്നും ഈ ആവശ്യത്തിന് ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തരുതെന്നും നിഷ്കർഷിക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിലെ തനത് വരുമാനം ട്രഷറി അക്കൗണ്ട് കൂടാതെ 5 ബാങ്ക് അക്കൗണ്ടുകളിലായിട്ടാണ് നിക്ഷേപിച്ചിരിക്കുന്നത്. തനത് വരുമാനം നിക്ഷേപിക്കുന്നതിനായി 09.06.2025 തീയതിയിൽ ഗ്രാമപഞ്ചായത്ത് പുതിയതായി ഒരു അക്കൗണ്ടു കൂടി ആരംഭിച്ചിട്ടുണ്ട് (സൗത്ത് ഇന്ത്യൻ ബാങ്ക്, A/C No.314053000013834). നിലവിലുള്ള അക്കൗണ്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അക്കൗണ്ട് നം. | ബാങ്ക് |
|---|---|---|
| 1 | 57901000015000 | ഇൻഡ്യൻ ഓവർസീസ് ബാങ്ക്, മല്ലപ്പള്ളി |
| 2 | 120024190230 | കാനറ ബാങ്ക്, മല്ലപ്പള്ളി |
| 3 | 37113615801 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, മല്ലപ്പള്ളി വെസ്റ്റ് |
| 4 | 119312803000014 | കേരള ബാങ്ക്, മല്ലപ്പള്ളി വെസ്റ്റ് |
| 5 | 314053000013834 | സൗത്ത് ഇന്ത്യൻ ബാങ്ക്, മല്ലപ്പള്ളി |
| 6 | 79901300000777 | സബ്ട്രഷറി, മല്ലപ്പള്ളി |

ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/25.10.25) സെക്രട്ടറി ഇപ്രകാരം മറുപടി ലഭ്യമാക്കി.

08.06.2025 വരെ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ട് ഇന്ത്യൻ ഓവർസീസ് ബാങ്കിൽ ആയിരുന്നു. നിലവിൽ പഞ്ചായത്തിന്റെ ന്യൂട്രീഷൻ പ്രോഗ്രാം സെൻട്രൽ ഷെയർ, വിവിധ ഓഫീസുകളിൽ നിന്നുമുള്ള തൊഴിൽ നികുതി ഉൾപ്പെടെയുള്ള പല വരവുകളും ഈ അക്കൗണ്ടിൽ വരുന്നതിനാലാണ് അക്കൗണ്ട് ക്ലോസ് ചെയ്യാതിരിക്കുന്നത്.
09.06.2025 മുതൽ യു.പി.ഐ പേയ്മെന്റ് അക്കൗണ്ട് സൗത്ത് ഇൻഡ്യൻ ബാങ്ക് അക്കൗണ്ടിലേക്ക് (തനത് ഫണ്ട്) മാറ്റിയിട്ടുള്ളതിനാൽ യു.പി.ഐ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക സൗത്ത് ഇന്ത്യൻ ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നതിനും, അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണ്.
ഇ-പേയ്മെന്റ് തുകകൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ അക്കൗണ്ട് വഴിയാണ് സ്വീകരിക്കുന്നതെന്നും, നിലവിൽ ട്രാൻസാക്ഷനുകൾ നടത്താത്തതിനാൽ കേരള ബാങ്കിന്റെ അക്കൗണ്ട് ക്ലോസ്സ് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചു. സർക്കാർ ഉത്തരവിലെ നിർദേശം പാലിച്ച് തനത് ഫണ്ട് നിക്ഷേപിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 ലൈസൻസ് ഫീസ് പിരിവ് -അപാകങ്ങൾ

ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലെ യാതൊരു സ്ഥലവും പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതു താൽപര്യങ്ങളെ ദോഷകരമായി ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റു സേവനങ്ങൾ എന്നിവക്കായി പൊതുവേയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും, സെക്രട്ടറി നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്ക് അനുസൃതമായല്ലാതെ ഉപയോഗിക്കാൻ പാടുള്ളതല്ലെന്ന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 232 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ലൈസൻസ് ഇനത്തിൽ പഞ്ചായത്തിന് ലഭിക്കുന്ന വരുമാനം നഷ്ടപ്പെടുന്നതിനൊപ്പം അപകടം വരുത്തിവയ്ക്കാവുന്ന പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടാതിരിക്കുന്നതിനും കാരണമാകുന്നു.

2024-25 സാമ്പത്തിക വർഷത്തിൽ **497** സ്ഥാപനങ്ങൾക്കാണ് ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചു നൽകിയിട്ടുള്ളത്. 2024-25 സാമ്പത്തികവർഷത്തിൽ പഞ്ചായത്തിൽ വ്യാപാര സ്ഥാപനങ്ങളുടെ വാർഡു തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് എഴുതി സൂക്ഷിച്ചിട്ടില്ല. ഹരിതകർമ്മ സേനയുടെ സേവനം ഉപയോഗപ്പെടുത്തുന്ന **930** വാണിജ്യ സ്ഥാപനങ്ങളുള്ളതായി ഓഡിറ്റിൽ വിവരം ലഭ്യമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും തൻവർഷം ലൈസൻസ് എടുത്തിട്ടില്ല എന്ന് ഇതിൽനിന്ന് വ്യക്തമാണ്. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് മൂലം ലൈസൻസ് ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ടതായ വരുമാനത്തിൽ നല്ലൊരു തുക കുറവു വന്നിട്ടുണ്ട്.

**മൂലധന നിക്ഷേപം പരിഗണിക്കാതെ ലൈസൻസ് ഫീസ് നിശ്ചയിച്ചു**

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ വരുത്തിയ ഭേദഗതി പ്രകാരം സംരംഭങ്ങളെ അവയുടെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്. മൂലധന നിക്ഷേപത്തിന്റെ വിവരം ലൈസൻസിനുള്ള അപേക്ഷയിൽ സംരംഭകർ വ്യക്തമാക്കേണ്ടതും ഇതിനനുസൃതമായി പഞ്ചായത്ത് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടതുമാണ്.

2024-25 സാമ്പത്തിക വർഷത്തേക്ക് ലൈസൻസ് ലഭിക്കുന്നതിനായി പഞ്ചായത്തിൽ സമർപ്പിച്ചിട്ടുള്ള മിക്ക അപേക്ഷകളിലും മൂലധന നിക്ഷേപത്തിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ എപ്രകാരമാണ് ലൈസൻസ് ഫീ ഈടാക്കിയതെന്നു വ്യക്തമല്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം./സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | 13/790, M/S പി.ജെ.തോമസ് & കമ്പനി (പെട്രോൾ പമ്പ്), മല്ലപ്പള്ളി |
| 2 | 4/563, എൻ.ആർ ഫുഡ് പ്രൊഡക്ട്സ്, മല്ലപ്പള്ളി |
| 3 | 13/1072 1073 പൗർണ്ണമി ഹോം ഗ്യാലറി, മല്ലപ്പള്ളി |
| 4 | 13/704, എക്സലന്റ് ഓട്ടോ ഇലക്ട്രിക്കൽസ്, മല്ലപ്പള്ളി |
| 5 | 10/37, വി.പി.എൽ ട്രേഡേഴ്സ്, കീഴ്വായ്പൂര് |
| 6 | 13/823, കല്യാൺ ജ്യുവലേഴ്സ്, മല്ലപ്പള്ളി |
| 7 | 13/408, ഗ്രാഫിക്സ് സിസ്റ്റം & കമ്പനി, മല്ലപ്പള്ളി വെസ്റ്റ് |
| 8 | 3/1163, ടൈൽസ് ബാർ, മല്ലപ്പള്ളി |
| 9 | 11/481, ഓറിയന്റ് ഗ്ലാസ്സ് ഹൗസ്, മല്ലപ്പള്ളി |
| 10 | 11/287, എസ് & ഡി ഹാർഡ് വെയർ ഷോപ്പ്, മല്ലപ്പള്ളി വെസ്റ്റ് |
| 11 | 13/246, മാമ്മൂട്ടിൽ സാനിട്ടറി & ഇലക്ട്രിക്കൽസ്, മല്ലപ്പള്ളി |
| 12 | 13/798, ഒ.പി. മാത്യു & കമ്പനി (പെട്രോൾ പമ്പ്), മല്ലപ്പള്ളി |

AIMS http://aims.ksad.kerala.gov.in/aims/auditReportDeta...
AIMS http://aims.ksad.kerala.gov.in/aims/auditReportDeta...

മേൽ അപാകതകൾക്ക് വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 26/27.10.25), ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടു വരുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതും ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരികയും, ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ലൈസൻസ് പരിധിയിൽനിന്നും സ്ഥാപനങ്ങൾ ഒഴിവായി പോകാതിരിക്കാൻ തദ്ദേശഭരണ സ്ഥാപനത്തിലെ മുഴുവൻ വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും വാർഡ് അടിസ്ഥാനത്തിൽ പ്രത്യേക നമ്പർ നൽകി അവയുടെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാവുന്നതാണെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ (സ.ഉ.(കൈ)നം.84/2022/തസ്വഭവ തീയതി: 19.04.2022) വിഭവ സമാഹരണം സംബന്ധിച്ച അദ്ധ്യായത്തിൽ (ഖ.5.1(5)) നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള സാധ്യതകളും പരിശോധിക്കാവുന്നതാണ്.

## 1-19 ലൈസൻസ് ഫീസ് കുറവായി ഈടാക്കി

2024-25 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ, അപേക്ഷ എന്നിവ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ നിന്നും സാമ്പത്തിക വർഷം ലൈസൻസ് എടുത്ത് പ്രവർത്തിച്ചു വരുന്ന ചില സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് കുറവായി ഈടാക്കിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ട്രാവൻകൂർ ഫ്യുവൽസ് 7/436 എന്ന പേരിലുള്ള പെട്രോൾ പമ്പിന്റെ ലൈസൻസ് അപേക്ഷയിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. 2,500 രൂപയാണ് ലൈസൻസ് ഫീസ് ആയി ഈടാക്കിയിട്ടുള്ളത്. എന്നാൽ ലൈസൻസ് അപേക്ഷയോടൊപ്പം ലഭ്യമാക്കിയിട്ടുള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ എൻ.ഒ.സി. യിൽ പ്രസ്തുത സ്ഥാപനത്തിന്റെ മൂലധന നിക്ഷേപം 27 ലക്ഷം രൂപയാണ്. സേവന മേഖലയിൽ 25 ലക്ഷം രൂപയിൽ കൂടുതലുള്ള വ്യാപാര സ്ഥാപനങ്ങളിൽ നിന്നും 5,000 രൂപയാണ് ലൈസൻസ് ഫീസ് ആയി ഈടാക്കേണ്ടിയിരുന്നത്.

2. ഹോട്ടൽ സീ ബ്ലൂ (3/655, 3/1218 ബാർ & റെസ്റ്റോറന്റ്) എന്ന സ്ഥാപനത്തിന്റെ ലൈസൻസ് ഫീസ് ആയി 4,000 രൂപ ഈടാക്കിയിട്ടുണ്ട്. അപേക്ഷയോടൊപ്പം ലഭ്യമാക്കിയിട്ടുള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ എൻ.ഒ.സി.-യിൽ പ്രസ്തുത സ്ഥാപനത്തിന്റെ മൂലധന നിക്ഷേപം 239.44 ലക്ഷം രൂപയാണ്. 10,000 രൂപയാണ് സ്ഥാപനത്തിന്റെ ലൈസൻസ് ഫീസ് ആയി ഈടാക്കേണ്ടിയിരുന്നത്.

3. ഇൻഡസ് മോട്ടോഴ്സ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ് (3/928) എന്ന സ്ഥാപനത്തിന്റെ മൂലധന നിക്ഷേപം 1 കോടി 8 ലക്ഷം രൂപയാണ്. 4,000 രൂപയാണ് ലൈസൻസ് ഫീസായി ഈടാക്കിയിട്ടുള്ളത്. 5,000 രൂപയാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടിയിരുന്നത്.

മേൽ അപാകതകൾക്ക് വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 26/27.10.25), സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിൽ നിന്നും തുക ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-20 ജിംനേഷ്യങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

എൽ.എസ്.ജി.ഡി-ആർ.ഡി.1/47/2022, 01.8.2022 നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും അതാത് അധികാരപരിധിയിൽ കേരള പബ്ലിക് പ്ലേസ് റിസോർട്ട് ആക്ട്, 1963 പ്രകാരമുള്ള ലൈസൻസില്ലാതെ ഏതെങ്കിലും ജിംനേഷ്യങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് കണ്ടെത്തുവാൻ നിർദ്ദേശിച്ചിരുന്നു. ഇതിൻ പ്രകാരം 2024-25 സാമ്പത്തിക വർഷത്തെ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ ടി ആക്ട് പ്രകാരമുള്ള ലൈസൻസ് എടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | സ്റ്റാർ ഫിറ്റ്നെസ്സ് സെന്റർ ജിം & അക്കാഡമി, മല്ലപ്പള്ളി |
| 2 | ജിം വേൾഡ് ഫിറ്റ്നെസ്സ്, മല്ലപ്പള്ളി |
| 3 | താപ്പാസ് പ്രീമിയം ഫിറ്റ്നെസ്സ് ജിം, മല്ലപ്പള്ളി |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.26/27.10.2025) മറുപടിയായി, മേൽ പറഞ്ഞിട്ടുള്ള സ്ഥാപനങ്ങൾ കെ.പി.പി.ആർ ആക്ട് പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടില്ലാത്തതാണെന്നും, സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-21 സ്വകാര്യ ആശുപത്രികൾ രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്നു

## 1-28 ശമ്പളപരിഷ്കരണങ്ങൾക്ക് അംഗീകാരം വാങ്ങിയിട്ടില്ല.

മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിലെ ചുവടെ ചേർക്കുന്ന ജീവനക്കാരുടെ സേവനപുസ്തകം പരിശോധിച്ചതിൽ താഴെ പറയുന്ന ജീവനക്കാരുടെ വിവിധ ശമ്പളനിർണ്ണയങ്ങളുടെ അംഗീകാരം വാങ്ങിയതായി കാണുന്നില്ല.

| ജീവനക്കാർ | അംഗീകാരം വാങ്ങാത്ത ശമ്പളനിർണ്ണയങ്ങൾ |
|---|---|
| മുകുന്ദൻ എ, സീനിയർ ക്ലർക്ക് | ജി.ഒ.(പി)7/2016/FIN Dt. 20.01.2016<br>ജി.ഒ.(പി)27/2021/Fin Dt. 10.02.2021 |
| സോഫിയ ആർ, സീനിയർ ക്ലർക്ക് | ജി.ഒ.(പി)7/2016/FIN Dt. 20.01.2016<br>ജി.ഒ.(പി)27/2021/Fin Dt. 10.02.2021 |
| നിഷ എം.റ്റി, ഓഫീസ് അറ്റൻഡന്റ് | ജി.ഒ.(പി)27/2021/Fin Dt. 10.02.2021 |
| ബിനിൽകുമാർ കെ, ഓഫീസ് അറ്റന്റന്റ് | ജി.ഒ.(പി)27/2021/Fin Dt. 10.02.2021 |
| സജി പി. മാർക്കോസ്, എഫ്.റ്റി.എസ് | ജി.ഒ.(പി)27/2021/Fin Dt. 10.02.2021 |

ശമ്പളനിർണ്ണയങ്ങൾക്ക് സമയബന്ധിതമായി സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം വാങ്ങാത്തത് ക്രമപ്രകാരമല്ല. അപാകത പരിഹരിക്കേണ്ടതാണ്.

## 1-29 തെരുവുവിളക്കുകളുടെ പരിപാലനം - അപാകതകൾ.

| | |
|---|---|
| പ്രോജക്റ്റിൻറെ നമ്പർ, പേര് | 128/25 തെരുവ് വിളക്ക് പരിപാലനം, അനുബന്ധ സാമഗ്രികൾ വാങ്ങൽ |
| പദ്ധതി അടങ്കൽ | 700000/- വികസനഫണ്ട് (ജനറൽ) |
| ചെലവ് | 494674/- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ബിൽ നമ്പർ, തീയതി | 16/20.12.2024 = 88681/-<br>17/20.12.2024 = 360000/-<br>30/21.03.2025 = 45993/- |

മേൽ പ്രോജക്റ്റിനായി ചുവടെ ചേർക്കും പ്രകാരം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് പള്ളിമുക്ക്, ശ്രീ സായ് ട്രേഡിംഗ് എന്നീ സ്ഥാപനങ്ങളിൽ നിന്നും എൽ.ഇ.ഡി ലൈറ്റുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.

| ഇൻവോയ്സ് നമ്പർ/സ്ഥാപനം | തുക | വാങ്ങിയ ഇനം |
|---|---|---|
| UEI/521/21.11.2024 യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് | 88681 | അനുബന്ധ ഉപകരണങ്ങൾ |
| UEI/898/17.03.2025 യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് | 45993 | അനുബന്ധ ഉപകരണങ്ങൾ |
| SST/2024-25/19, 22.11.2024 | 360000 | 2000 എണ്ണം 12W എൽ.ഇ.ഡി ലൈറ്റ് |
| ആകെ | 494674 | |

പ്രോജക്റ്റിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ശ്രീ സായ് ട്രേഡിംഗ് എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ ക്ഷണിക്കാതെയാണ് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്.
2. വാങ്ങിയ ലൈറ്റുകൾ സ്ട്രീറ്റ് ലൈറ്റ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വിതരണം ചെയ്തതായി കാണുന്നില്ല.
3. ശ്രീ സായ് ട്രേഡിംഗ് എന്നീ സ്ഥാപനത്തിൽ നിന്നും 3,60,000 രൂപയ്ക്ക് എൽ.ഇ.ഡി ലൈറ്റ് വാങ്ങിയതിൽ 2% TDS പിടിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 22/25.10.2025) ഉടൻ വിശദീകരണം ലഭ്യമാക്കാമെന്ന് മറുപടി ലഭ്യമാക്കി. വിശദീകരണം ലഭ്യമാക്കുന്നതിലേക്കായി 4,94,674 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 വിവിധ ഡെപ്പോസിറ്റ് വർക്കുകൾ - രേഖകൾ ലഭ്യമായില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന ഡെപ്പോസിറ്റ് വർക്കുകൾക്ക് രണ്ട് പ്രോജക്റ്റുകളിലേക്കായി തുക ചെലവഴിച്ച് കെ.എസ്.ഇ.ബി-ക്ക് നൽകിയിട്ടുണ്ട്.



21 of 41 21/11/25, 13:27

| നിർവഹണ ഏജൻസി | പ്രോജക്റ്റ് നമ്പർ/ പ്രവൃത്തിയുടെ പേര് | ഫണ്ടിനം, ബിൽ നമ്പർ/തീയതി | ചെലവഴിച്ച തുക |
|---|---|---|---|
| കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, വെച്ചൂച്ചിറ | 181/25 തെരുവുവിളക്കിന് ലൈൻ ദീർഘിപ്പിക്കൽ | വികസനഫണ്ട് (ജനറൽ) 23/14.02.2025 | 68273 |
| കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, മല്ലപ്പള്ളി | 187/25 വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | വികസനഫണ്ട് (ജനറൽ) 9/14.11.2024 | 58306 |
| | | ആകെ | 126579 |

പ്രോജക്ടുകളും അനുബന്ധരേഖകളും പരിശോധിച്ചതിൽ ടി പ്രവൃത്തികളുടെ വിനിയോഗകാലയളവ് രേഖപ്പെടുത്തി കെ.എസ്.ഇ.ബി-യുമായി കരാറിലേർപ്പെട്ടിട്ടില്ല എന്ന് കാണുന്നു. പ്രവൃത്തി പൂർത്തിയാക്കിയതിന്റെ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമായിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ 20/25.10.2025) മറുപടി ലഭ്യമായില്ല. ആയതിനാൽ 1,26,579 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 പ്ലാസ്റ്റിക് പാഴ് വസ്തു സംഭരണശാലക്ക് വിഹിതം – വിനിയോഗ വിവരം ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ, പേര് | 184/25, പ്ലാസ്റ്റിക് പാഴ് വസ്തു സംഭരണശാലക്ക് വിഹിതം |
| പദ്ധതി അടങ്കൽ | 100000/- ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 100000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ബിൽ നമ്പർ/തീയതി | 474/28.02.2025 |

കുന്നന്താനം കിൻഫ്രാ പാർക്കിലേക്കുള്ള ജില്ലാപഞ്ചായത്ത് സംയുക്ത പദ്ധതിയായ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ഫെസിലിറ്റിക്ക് പഞ്ചായത്ത് വിഹിതം അടവാക്കുക എന്നതായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. ജി.ഒ.(ആർ.റ്റി)2568/2023/എൽ.എസ്.ജി.ഡി തീയതി 26.12.2023 പ്രകാരം രൂപീകരിച്ച പ്രോജക്ടിനായി 1,00,000 രൂപ ക്ലീൻ കേരള കമ്പനിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. തുകയുടെ വിനിയോഗ വിവരം ലഭ്യമായില്ല. അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 21/25.10.2025) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാമെന്ന് മറുപടി നൽകി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഇതിനായി ചെലവഴിച്ച 1,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-32 വേസ്റ്റ് ബിൻ സ്ഥാപിച്ചിട്ടില്ല-80000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ/പേര് | 239/25- മല്ലപ്പള്ളി ബസ് സ്റ്റാൻഡിൽ വേസ്റ്റ് ബിൻ സ്ഥാപിക്കുന്നതിനുള്ള സംവിധാനമൊരുക്കൽ |
| ഫണ്ടിനം, അടങ്കൽ | വികസനഫണ്ട് (ജനറൽ), 80000 |
| ചെലവ് തുക, ബിൽ വിവരം | 80000 (പാർട്ട് ബിൽ)<br>ബിൽ നം. 240508520130015715 82/18.03.2025 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

മല്ലപ്പള്ളി ബസ് സ്റ്റാൻഡിൽ വേസ്റ്റ് ബിൻ സ്ഥാപിക്കുന്നതിനുള്ള സംവിധാനമൊരുക്കൽ എന്ന പ്രോജക്ട് പ്രകാരം വികസനഫണ്ടിൽ നിന്നും 80,000 രൂപ പാർട്ട് ബില്ലായി ശ്രീ. റെന്നി കുര്യൻ, പാട്ടമ്പലത്ത്, തുരുത്തിക്കാട് എന്ന കരാറുകാരന് നൽകിയിട്ടുണ്ട്. ജി.ഐ പൈപ്പും മെഷും ഉപയോഗിച്ച് ഒരു വേസ്റ്റ് ബിൻ നിർമ്മിച്ച് അത് കോൺക്രീറ്റ് ഉപയോഗിച്ച് തറയിൽ ഉറപ്പിച്ച് വയ്ക്കുന്ന രീതിയിലാണ് പ്രോജക്ട് വിഭാവനം ചെയ്തിരുന്നത്. എന്നാൽ ബസ് സ്റ്റാൻഡിൽ നാളിതുവരെ വേസ്റ്റ് ബിൻ സ്ഥാപിച്ചിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 25/27.10.2025) മറുപടിയായി വേസ്റ്റ് ബിന്നിന്റെ നിർമ്മാണം തൻവർഷം തന്നെ പൂർത്തിയാക്കിയിട്ടുള്ളതാണെന്നും കോൺക്രീറ്റിംഗ് ചെയ്തിട്ടില്ലെന്നും, പ്രസ്തുത ബിൻ ബസ് സ്റ്റാൻഡിൽ സ്ഥാപിക്കുന്നതിന് സ്ഥലപരിമിതി മൂലം സാധിച്ചില്ലെന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഉചിതമായ സ്ഥലം കണ്ടെത്തി വേസ്റ്റ് ബിൻ സ്ഥാപിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. വേസ്റ്റ് ബിൻ സ്ഥാപിച്ച് വിവരം ലഭ്യമാക്കുന്നത് വരെ 80,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-33 കാലി ബാരലുകളുടെ വില സർക്കാർ ഫണ്ടിൽ അടവാക്കിയിട്ടില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30.10.2007-ലെ 59827/എഫ്.എം./07 നമ്പർ സർക്കുലർ പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന ടാർവീപ്പകളുടെ വില ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അഥവാ ഏത് ഫണ്ട് വിനിയോഗിച്ചാണോ പ്രവൃത്തി നടത്തിയത് അതേ ഫണ്ടിലേക്ക്, ധനകാര്യ വകുപ്പിന്റെ 12.04.2006-ലെ ജി.ഒ.(പി)177/06 നമ്പർ ഉത്തരവിലെ ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്. ഓഡിറ്റിന് ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചതിൽ തൻവർഷം മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് നടപ്പാക്കിയ റോഡ് പ്രവൃത്തികളിൽ ടാർ വീപ്പകളുടെ വിലയിനത്തിൽ കരാറുകാരിൽ നിന്നും ഈടാക്കിയ തുക നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കാതെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതായി കാണുന്നു. 2024-25 വാർഷിക ധനകാര്യപത്രിക പ്രകാരം 48311 രൂപ (ബാരൽ വില – 40936+ജി.എസ്.റ്റി. 7375) ഈയിനത്തിൽ ഈടാക്കിയിട്ടുണ്ട് (RP-5). ഈ തുക ബന്ധപ്പെട്ട ശീർഷകങ്ങളിൽ സർക്കാർ ഫണ്ടിലടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-34 ക്വാറിയുടെ കോർപ്പറേറ്റ് എൻവിറോൺമെന്റ് റെസ്പോൺസിബിലിറ്റി (സി.ഇ.ആർ) പ്രവർത്തനം ഉറപ്പാക്കാൻ നടപടി സ്വീകരിക്കണം

കേന്ദ്ര പരിസ്ഥിതി, വനം കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ നോട്ടിഫിക്കേഷൻ നം: OM:F.No.22-65/2017-1A.Iii Dated 01.05.2018, OM: F.No.22-65/2017-1A.Iii Dated 30.09.2020 എന്നീ വിജ്ഞാപനങ്ങളുടെ അടിസ്ഥാനത്തിൽ ക്വാറികൾ കോർപ്പറേറ്റ് എൻവിറോൺമെന്റ് റെസ്പോൺസിബിലിറ്റി (CER) പ്രവർത്തനങ്ങളിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങളെ കുറിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ വിജ്ഞാപനത്തിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1 | ക്വാറിയുടെ സി.ഇ.ആർ പ്രവർത്തനങ്ങൾ സ്ഥാപനം സ്ഥിതി ചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ നടത്തേണ്ടതാണ്. |
| 2 | ക്വാറിയുടെ പ്രവർത്തനം മൂലം ചുറ്റുമുള്ള പ്രദേശങ്ങളിലെ ജനങ്ങൾക്കും പരിസ്ഥിതിയ്ക്കും ഉണ്ടാകുന്ന പാരിസ്ഥിതികവും സാമൂഹികവുമായ ആഘാതങ്ങളുടെയും ആവശ്യങ്ങളുടെയും അടിസ്ഥാനത്തിലായിരിക്കണം സി.ഇ.ആർ പ്രവർത്തനങ്ങൾ നടത്തേണ്ടത്. |
| 3 | സി.ഇ.ആർ പ്രവർത്തനങ്ങൾക്കായി ഒരു പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതും ഓരോ വർഷവും നടപ്പിലാക്കിയ പ്രവർത്തികളുടെ റിപ്പോർട്ട് പരിസ്ഥിതി, വന കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ റീജിയണൽ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്. |

SEAC അംഗീകരിച്ച ഏതാനും സി.ഇ.ആർ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1 | നദികളുടെ പുനരുജ്ജീവനം |
| 2 | കിണർ റീചാർജിംഗ് |
| 3 | മഴവെള്ള സംഭരണി |
| 4 | പുനരുൽപ്പാദന ഊർജ്ജ സ്രോതസ്സുകളുടെ പ്രോത്സാഹനം |
| 5 | പരിസ്ഥിതി വ്യവസ്ഥകളുടെ പുനഃസ്ഥാപനം |
| 6 | കുടിവെള്ള വിതരണത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കൽ |
| 7. | ആശുപത്രികൾ, അങ്കണവാടികൾ, ബഡ്സ് സ്കൂളുകൾ, ഭിന്നശേഷിക്കാർക്കുള്ള സ്ഥാപനങ്ങൾ എന്നിവയുടെ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കൽ |

ഗ്രാമപഞ്ചായത്തിൽ നിന്ന് 2024-25 വർഷം ലൈസൻസ് നേടിയിട്ടുള്ള എസ്.ബി. ഗ്രാനൈറ്റ്സ്, പെരുമ്പ്രാമാവ്, മല്ലപ്പള്ളി (വാർഡ് നം. 7, റീ സർവ്വേ നം. 504/1, 504/2, 504/3) എന്ന ക്വാറി ഇത്തരത്തിലുള്ള സി.ഇ.ആർ പ്രവർത്തനങ്ങൾ പഞ്ചായത്ത് പരിധിയിൽ നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ആരാഞ്ഞ് എൻക്വയറി (നം.19/25.10.25) നൽകിയിരുന്നു. ടി ക്വാറിയ്ക്ക് 2025 ജൂൺ മാസത്തിലാണ് കേരള മൈനിങ് ആന്റ് ജിയോളജി വകുപ്പിന്റെ പെർമിറ്റ് ലഭിച്ചിട്ടുള്ളതെന്നും, നിലവിൽ സ്ഥാപനം പ്രവർത്തിച്ചു തുടങ്ങിയിട്ടില്ലായെന്നും, പ്രവർത്തിച്ചു തുടങ്ങുന്ന മുറയ്ക്ക് സി.ഇ.ആർ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. സി.ഇ.ആർ പ്രകാരമുള്ള പ്രവർത്തനങ്ങൾക്കായി തുക ഒടുക്കുന്നതിനും, വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-35 മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ മരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗവും അതാത് സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ഫണ്ട് ലാപ്സാകുന്നതിനും പ്രോജക്ടുകൾ സ്പിൽ ഓവറാകുന്നതിനും കാരണമാകുന്നു. 2024-25 വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിവരങ്ങൾ ചേർക്കുന്നു.

| ആവിഷ്കരിച്ച ആകെ പ്രവൃത്തികളുടെ എണ്ണം | | | നടപ്പിലാക്കിയ പ്രവൃത്തികളുടെ എണ്ണം | | |
|---|---|---|---|---|---|
| സ്പിൽ ഓവർ പദ്ധതി | പുതിയ പദ്ധതി | ആകെ | സ്പിൽ ഓവർ പദ്ധതി | പുതിയ പദ്ധതി | ആകെ |
| 69 | 36 | 105 | 29 | 15 | 44 |

| ഫണ്ട് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 510000 | 272561 | 53.44 |
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 10153857 | 1850708 | 18.26 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 2220000 | 0 | 0 |
| തനത് ഫണ്ട് | 3211946 | 1319067 | 41.06 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 100000 | 0 | 0 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 22204943 | 11090890 | 49.94 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 1200000 | 0 | 0 |
| ആകെ | 39600746 | 14533226 | 36.69 |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/23.10.2025) മറുപടിയായി സ്പിൽ ഓവർ പദ്ധതികളിൽ ഭൂരിഭാഗവും റിവിഷൻ പദ്ധതികളും സാമ്പത്തിക വർഷാവസാനം കരാർ ഉറപ്പിച്ച പ്രവൃത്തികളും ടാറിംഗ് പ്രവൃത്തികളുമാണെന്നും കാലവർഷ സാഹചര്യം മൂലമാണ് യഥാസമയം നടപ്പിലാക്കാൻ കഴിയാതെ വരുന്നതെന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. പൂർത്തീകരിക്കാത്ത പദ്ധതികൾ സ്പിൽ ഓവറായി ഈ വർഷം തുടരുന്നുണ്ടെന്നും 16 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും 6 എണ്ണം നിലവിൽ നടക്കുന്നുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മുൻവർഷങ്ങളിൽ ആവിഷ്കരിച്ച പദ്ധതികൾ വർഷങ്ങളായി സ്പിൽ ഓവറായി തുടരുന്നതും ടി പദ്ധതികൾക്ക് ഫണ്ട് വകയിരുത്തേണ്ടിവരുന്നതുമൂലം പുതിയ പദ്ധതികൾക്ക് ഫണ്ട് വകയിരുത്തുന്നതിന് ഇത് തടസ്സമാകുന്നു. പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-36 67-ാം നമ്പർ അങ്കണവാടി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

7-ാം വാർഡിൽ നാരകത്താനിയിൽ സ്ഥിതി ചെയ്യുന്ന 67-ാം നമ്പർ അങ്കണവാടി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. 2021-22 വർഷം ആരംഭിച്ച നിർമ്മാണത്തിനായി നാളിതുവരെ 13.95 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

| വർഷം | ചെലവഴിച്ച തുക |
|---|---|
| 2021-22 | 799272 |
| 2023-24 | 202538 |
| 2024-25 | 394029 |

കെട്ടിടത്തിന്റെ ഇലക്ട്രിക്കൽ ജോലികൾ, സ്റ്റെയർ റൂമിന്റെ മുകൾ ഭാഗം കോൺക്രീറ്റിംഗ്, ചുറ്റമതിൽ എന്നീ പ്രവൃത്തികൾ അവശേഷിക്കുന്നുണ്ട്. കെട്ടിടം പണി പൂർത്തീകരിക്കുന്നതിനും നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടി പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിനും സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-37 ഹോമിയോ ഡിസ്പെൻസറി കെട്ടിട പുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ല

ഗവ ഹോമിയോ ഡിസ്പെൻസറി പ്രവർത്തിച്ചിരുന്ന കെട്ടിടം ജീർണ്ണാവസ്ഥയിലായതിനാൽ 2019 മുതൽ ഡിസ്പെൻസറി വാടകകെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ഡിസ്പെൻസറിയുടെ നവീകരണത്തിനായി 2021-22 മുതൽ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നുണ്ടെങ്കിലും 2024-25-ലാണ് ഭാഗികമായിട്ടെങ്കിലും പണി നടത്തിയിട്ടുള്ളത്. കെട്ടിടത്തിന്റെ മേൽക്കൂര മാറ്റി ട്രസ്സ് വർക്ക് ചെയ്ത് ഷീറ്റ് ഇടുന്നതിനായി തൻവർഷം 997498 രൂപ ചെലവഴിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ തറയിൽ ടൈൽ ഇടുക ജനലുകൾ, വാതിലുകൾ എന്നിവ മാറ്റി സ്ഥാപിക്കുക, ഇലക്ട്രിക്കൽ, പ്ലംബിംഗ് ജോലികൾ, ചുറ്റമതിൽ നിർമ്മാണം തുടങ്ങിയ പണികൾ അവശേഷിക്കുന്നുണ്ട്. കെട്ടിടത്തിന്റെ നവീകരണം പൂർത്തിയാക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-38 പൊതുടാപ്പുകളുടെ വെള്ളക്കരം -കടിശ്ശിക നിലനിൽക്കുന്നു

2025 ഒക്ടോബർ മാസത്തിൽ വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭ്യമായ ഡിമാന്റ് നോട്ടീസ് (ബിൽ നം. 99924/06.10.2025) പ്രകാരം കുടിശ്ശിക തുക (30.09.2025 ലെ മുന്നിരിപ്പ്) 2273585 രൂപയും, ഫൈൻ തുക 44597 രൂപയും, തൻമാസത്തെ ഡിമാന്റ് തുക 53383 രൂപയും ഉൾപ്പെടെയുള്ള കുടിവെള്ളക്കരം 2371565 രൂപയാണ്.

പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശികയായി 1512196/- രൂപ ഒടുക്കുവരുത്താനും അല്ലാത്ത പക്ഷം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്നും കാണിച്ച് വാട്ടർ അതോറിറ്റിയിൽ നിന്നും കത്ത് ലഭ്യമായത് സംബന്ധിച്ച് 13/05/2024 ലെ പഞ്ചായത്ത് കമ്മറ്റിയിൽ ചർച്ച ചെയ്തിരുന്നു. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ഉപയോഗക്ഷമമെന്ന് കണ്ടെത്തിയ 44പൊതുടാപ്പുകളുടെ എല്ലാ മാസത്തേയും വെള്ളക്കരം കൃത്യമായി ഒടുക്കിയിട്ടുള്ളതാണ്. അരിയർ തുക ആണ് ഒടുക്കുവരുത്തുവാനുള്ളത്. ആയത് ഏത് കാലയളവിലേതാണ് എന്ന് ബില്ലിൽ സൂചിപ്പിച്ചിട്ടുള്ളതല്ല.

ഗ്രാമപഞ്ചായത്തിന്റെ മുൻ വർഷങ്ങളിലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റായി തുക നൽകിയിരുന്നുവെങ്കിലും ടി പ്രവൃത്തികൾ പലതും പൂർത്തീകരിച്ചിട്ടില്ലാത്തതും പൂർത്തീകരിച്ച പ്രവർത്തികൾക്ക് നാളിതുവരെ വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടില്ലാത്തതുമാണെന്നും ഇത് സംബന്ധിച്ച് പല തവണ അറിയിപ്പ് നൽകിയിട്ടും നാളിതുവരെ യാതൊരുവിധ മറുപടിയും വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭ്യമായിട്ടില്ലാത്തതാണെന്നും ആയതിനാൽ പ്രസ്തുത വിഷയത്തിൽ ഒരു മറുപടി ലഭ്യമാകുന്നതുവരെ അരിയർ തുക അടവാക്കേണ്ടതില്ലെന്നും യോഗം ഐകകണ്ഠ്യേന അംഗീകരിച്ച് തീരുമാനിച്ചിട്ടുണ്ട് ( 13/05/2024 ലെ തീരുമാനം നം. 4(1)). ഈ തീരുമാനം സംബന്ധിച്ചും, മേൽ പറഞ്ഞിട്ടുള്ള വെള്ളക്കരം കുടിശ്ശിക ഏത് കാലയളവിലെയാണെന്ന് വ്യക്തമാക്കുന്നതിനുമായി വാട്ടർ അതോറിറ്റിക്ക് കത്ത് നൽകുന്നതിന് യോഗം സെക്രട്ടറിയെ ചുമതലപ്പെടുത്തിയും തീരുമാനിച്ചിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കാനും ഈ കമ്മറ്റിതീരുമാനത്തിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം അറിയിക്കാനുമായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( നം. 25/27.10.2025) 13/05/2024 ലെ തീരുമാനം നം. 4(1)) പ്രകാരം പൊതുടാപ്പുകളുടെ വെള്ളക്കരകുടിശ്ശിക ഏത് കാലയളവിലേതാണെന്ന് അറിയിക്കുന്നതിനായി ഉടൻതന്നെ വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പ്രവർത്തനക്ഷമമായ 44 പൊതുടാപ്പുകളാണുള്ളതെന്ന് വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭ്യമാക്കുന്ന ഡിമാന്റ് നോട്ടീസിൽ നിന്ന് വ്യക്തമാകുന്നുണ്ട്. കുടിശ്ശികത്തുകയുടെ 2% ഫൈൻ ഉൾപ്പെടെയുള്ള തുകയാണ് വാട്ടർ അതോറിറ്റിയിൽ നിന്നും അടുത്ത മാസത്തെ കുടിശ്ശികയായി ഡിമാന്റ് ചെയ്യുന്നത്. ആയതിനാൽ കുടിശ്ശിക തുക മാസം തോറും വർദ്ധിച്ചുവരുന്നു. പഞ്ചായത്തിലെ വർദ്ധിച്ച വരുന്ന കുടിശ്ശിക ബാദ്ധ്യത ഒഴിവാക്കുന്നതിനു വേണ്ടി അടിയന്തിരമായി തുടർ നടപടികൾ സ്വീകരിക്കേണ്ടതും, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-39 മെൻസ്ട്രുവൽ കപ്പ് നൽകൽ -ഗുണഭോക്താക്കളുടെ ആവശ്യകത പരിഗണിച്ചില്ല

പഞ്ചായത്തിലെ സ്ത്രീ ഗുണഭോക്താക്കൾക്ക് മെൻസ്ട്രുവൽ കപ്പുകൾ വിതരണം ചെയ്യുന്ന പദ്ധതിയുടെ ഭാഗമായി സ്വീകരിച്ച വാങ്ങൽ നടപടിയിലും, സ്റ്റോക്ക് എടുക്കലിലും അപാകതകൾ ശ്രദ്ധയിൽപെട്ടു.

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 306/25, മെൻസ്ട്രുവൽ കപ്പ് നൽകൽ. |
| അടങ്കൽ | 210000 |
| ചെലവ് | 25169 |
| ട്രഷറി ബിൽ നം. | 67055 -22/02/2025, തുക- 24599 |
| ഇൻവോയ്സ് നം. | 9423056931/03.03.25 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |

1) പ്രോജക്ട് നടപ്പാക്കുന്നതിലേക്ക് 299 രൂപ നിരക്കിൽ തിരുവനന്തപുരം, HLL Life Care Limited എന്ന സ്ഥാപനത്തിൽ നിന്ന് 82 എണ്ണം മെൻസ്ട്രുവൽ കപ്പുകൾ വാങ്ങിയത് വിതരണം നടത്തി വരുന്നു. എന്നാൽ ഇൻവോയ്സ്, സ്റ്റോക്ക് എന്നിവ പരിശോധിച്ചതിൽ മീഡിയം ടൈപ്പിലുള്ള മെൻസ്ട്രുവൽ കപ്പുകൾ മാത്രമാണ് വാങ്ങിയത് എന്ന് കണ്ടു. സ്ത്രീകളുടെ പ്രായം, ശരീരഘടന എന്നിവ അനുസരിച്ച് Small/Medium/Large

വലുപ്പങ്ങളിലുള്ള മെൻസ്റ്റവൽ കപ്പുകൾ ആവശ്യമായി വരും. അതിനാൽ ഇതു ഗുണഭോക്തൃ ആവശ്യങ്ങൾ പരിഗണിക്കാതെയുള്ള തെറ്റായ വാങ്ങൽ ആണെന്ന് വിലയിരുത്തുന്നു.

2) സ്റ്റോക്ക് & ഡിസ്ട്രിബ്യൂഷനിൽ അപാകതയുണ്ട്. സ്പെഷ്യൽ പ്രോഗ്രാം സ്റ്റോക്ക് രജിസ്റ്ററിലെ ബാലൻസ് കൃത്യമല്ല (Balance Mismatch). ലഭിച്ച കപ്പുകളുടെ എണ്ണം, വിതരണം ചെയ്ത കപ്പുകളുടെ എണ്ണം, രേഖപ്പെടുത്തിയിരിക്കുന്ന ബാലൻസ് എന്നിവ തമ്മിൽ പൊരുത്തക്കേട് കാണിക്കുന്നു. സ്റ്റോക്ക് രജിസ്റ്ററിലെ ബാലൻസ് പരിശോധിക്കപ്പെടുകയോ ആധികാരികമാക്കപ്പെടുകയോ ചെയ്തിട്ടില്ല. ഗുണഭോക്താക്കൾ നേരിട്ട് കൈപ്പറ്റുന്നതിന് പകരം വാർഡു മെമ്പർമാരാണ് കൈപ്പറ്റിയിരിക്കുന്നത്.

അപാകതകൾക്ക് വ്യക്തമായ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 25/27-10-25) പർച്ചേസിലെ അപാകതകൾ ആവർത്തിക്കില്ലെന്നും സ്റ്റോക്ക് എൻട്രി നടത്തിയ ജീവനക്കാരി വിരമിച്ചെന്നും ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമെന്നും മറുപടി ലഭ്യമാക്കി. തുടർമറുപടി ലഭ്യമാക്കേണ്ടതിനാൽ 25,169 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-40 ലൈഫ് ഭവന പദ്ധതി - മുൻകൂർ കൈപ്പറ്റിയിട്ടും ഭവനനിർമാണം പൂർത്തിയാക്കിയില്ല.

ലൈഫ് ഭവന പദ്ധതി - മുൻവർഷങ്ങളിൽ കരാറിൽ ഏർപ്പെട്ട് അഡ്വാൻസ് കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ നാളിതു വരെയും ഭവന നിർമാണം പൂർത്തിയാക്കി അവസാന ഗഡു കൈപ്പറ്റിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ വിവരം | ആദ്യ ഗഡു നൽകിയ തീയതി | അവസാന ഗഡു നൽകിയ/തീയതി | ഗുണഭോക്താവിന് ആകെ ലഭിച്ച തുക |
|---|---|---|---|---|
| | ജനറൽ | | | |
| 1 | ഐസക് മാത്യു, ചമതയ്ക്കൽ | 30.03.2023 | 20.12.2023 | 300000 |
| 2 | സാറാമ്മ ജോസഫ്, ഊത്തക്കുഴി മലയിൽ | 30.03.2023 | 13.11.2023 | 350000 |
| | എസ്.സി | | | |
| 3 | ലക്ഷ്മി തങ്കപ്പൻ, തടത്തിൽ, മല്ലപ്പള്ളി | 11.06.2018 | - | 40000 |
| 4 | അഭിലാഷ് T.C, തേവരോട്ട്, കീഴ്വായ്പൂര് | 28.102022 | 03.01.2023 | 200000 |
| 5 | പി.ആർ രാജപ്പൻ, മഞ്ഞന്താനം, മല്ലപ്പള്ളി | 25.02.2023 | 20.12.2023 | 370000 |
| 6 | സുശീല, മണിക്കുഴിയിൽ | 25.02.2023 | 15.03.2024 | 360000 |
| 7 | ശാന്തമ്മ, മന്നിക്കൽ | 25.02.2023 | 20.12.2023 | 350000 |
| 8 | രാജേഷ് കുമാർ പി.ആർ, പൂഞ്ഞാത്തോട്ട് ഹൗസ് | 10.03.2023 | - | 40000 |
| 9 | പാർത്ഥൻ എസ്, വട്ടപ്പറമ്പിൽ | 10.03.2023 | 27.11.2023 | 350000 |
| 10 | ഓമന കെ.എം, കരിമ്പിൻകുഴി, നാരകത്താനി | 17.03.2023 | 14.02.2025 | 360000 |
| | എസ്.റ്റി | | | |
| 11 | സരസമ്മ, മണിക്കുഴി കോളനി | 13.03.2023 | 08.05.2023 | 200000 |

ശ്രീമതി ലക്ഷ്മി തങ്കപ്പൻ, തടത്തിൽ, മല്ലപ്പള്ളി എന്ന ഗുണഭോക്താവിനെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ശ്രീ. അഭിലാഷ് T.C, തേവരോട്ട് കീഴ്വായ്പൂര്, ശ്രീ. രാജേഷ് കുമാർ പി.ആർ, പൂഞ്ഞാത്തോട്ട് ഹൗസ് എന്നീ ഗുണഭോക്താക്കൾക്ക് രണ്ട് തവണ നോട്ടീസ് നൽകിയിട്ടുണ്ടെന്നും ഭവനനിർമ്മാണം ഉടൻ ആരംഭിക്കുമെന്നും ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 9/25.10.2025) മറുപടി ലഭ്യമാക്കി. മറ്റ് ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിന്റെ വിവിധ സ്റ്റേജുകളിലാണെന്നാണ് ലഭിച്ച മറുപടി. ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിനു തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-41 ലോൺ തിരിച്ചടവ് ഇനത്തിൽ സ്രോതസ്സിൽ തുക കുറവ് ചെയ്യുന്നു - ഗ്രാമപഞ്ചായത്തിന് നഷ്ടം

ഗ്രാമപഞ്ചായത്തിന് വായ്പ ഇനത്തിൽ നിലവിൽ കുടിശ്ശിക തുകയൊന്നും അടവാക്കാനില്ല. എന്നാൽ വികസനഫണ്ട് അലോട്ട്മെന്റിൽ നിന്നും ലോൺ തിരിച്ചടവ് ഇനത്തിൽ സ്രോതസ്സിൽ തുക കുറവ് ചെയ്യുന്നുണ്ട്. വാർഷികകണക്ക് ബാലൻസ് ഷീറ്റിൽ Secured Loan ഇനത്തിൽ 5,85,889 രൂപ ഇത്തരത്തിൽ സ്രോതസ്സിൽ തുക കുറവ് ചെയ്തതായി ഗ്രാമപഞ്ചായത്ത് ബുക്ക് ചെയ്തിട്ടുണ്ട്. 2022-23 മുതൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | കുറവ് ചെയ്ത തുക |
|---|---|
| 2022-23 | 292944 |
| 2023-24 | 292944 |
| 2024-25 | 292945 |
| **ആകെ** | **878833** |

തുകയുടെ കൃത്യത പരിശോധിച്ച് ബാലൻസ് ഷീറ്റിൽ ആവശ്യമായ മാറ്റം വരുത്തേണ്ടതും അപാകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുമാണ്. ലോൺ തിരിച്ചടവിനത്തിൽ ഗ്രാമപഞ്ചായത്തിന് സ്രോതസ്സിൽ തുക കുറവ് ചെയ്തത് മൂലം നഷ്ടപ്പെട്ട തുക തിരികെ സർക്കാരിൽ നിന്നും ലഭ്യമാക്കാൻ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-42 ജൽജീവൻ മിഷൻ പ്രവർത്തനം അവലോകനം.

ഇന്ത്യയിലെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും വ്യക്തിഗത ഫങ്ഷണൽ ഹൗസ്ഹോൾഡ് ടാപ്പ് കണക്ഷനുകൾ (FHTCs) വഴി സുരക്ഷിതമായതും ആവശ്യത്തിനുമുള്ള കുടിവെള്ളം എത്തിക്കുക എന്നതാണ് ജൽ ജീവൻ മിഷൻ (JJM) വിഭാവനം ചെയ്തിരിക്കുന്നത്. ഇതിലൂടെ ജലസംരക്ഷണം, മഴവെള്ള സംഭരണം, റീചാർജ് ചെയ്യൽ, പുനരുപയോഗം തുടങ്ങിയ കാര്യങ്ങൾക്ക് പ്രാധാന്യം നൽകുന്നു.

ജൽ ജീവൻ മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ ഇവയാണ്:

- ഓരോ ഗ്രാമീണ ഭവനത്തിലും വ്യക്തിഗത ഭവന കുടിവെള്ള കണക്ഷൻ (Functional Household Tap Connection - FHTC) നൽകുക.
- ജലത്തിന്റെ സുസ്ഥിരത ഉറപ്പാക്കുക.
- ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുക.
- ജലവുമായുള്ള കമ്മ്യൂണിറ്റി സമീപനം പ്രോത്സാഹിപ്പിക്കുക.
- വിവരവിനിമയം, വിദ്യാഭ്യാസം, ആശയവിനിമയം എന്നിവയിലൂടെ ബോധവൽക്കരണം നടത്തുക.

ഗ്രാമീണ കുടുംബങ്ങൾ മാത്രമല്ല, പൊതുസ്ഥാപനങ്ങളായ സ്കൂളുകൾ, അംഗനവാടികൾ, ആരോഗ്യ കേന്ദ്രങ്ങൾ, വെൽനസ് സെന്ററുകൾ തുടങ്ങിയവയും മതിയായ പരിഗണന പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തുല്യ പങ്കാളിത്തത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഗ്രാമപഞ്ചായത്തിലെ Functional Household Tap Connection (FHTC) പ്രവർത്തനങ്ങൾക്കായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി-പത്തനംതിട്ടയും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും മൂന്നാം കക്ഷിയായ നിർവ്വഹണ ഏജൻസിയും തമ്മിലുള്ള ത്രികക്ഷി കരാറിലേർപ്പെട്ടിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയെങ്കിലും കരാർ സംബന്ധിച്ച വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാമെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/ 21.10.2025) ലഭ്യമാക്കിയ മറുപടിയിൽ 212805875 രൂപ അടങ്കൽ വകയിരുത്തിയ പദ്ധതിയിൽ ജൽജീവൻ പ്രവൃത്തികൾക്കായി 3402 ഗുണഭോക്താക്കളെ കുടിവെള്ള കണക്ഷൻ നൽകാനായി അംഗീകരിച്ചിട്ടുണ്ടെന്നും 12, 13 വാർഡുകൾ ഒഴികെയുള്ള പ്രദേശങ്ങളിൽ 85% പ്രവൃത്തികളും പൂർത്തീകരിച്ചെന്നും മറുപടി ലഭ്യമാക്കി. 105 Km ദൂരം പൈപ്പ് ലൈൻ സ്ഥാപിക്കാൻ ലക്ഷ്യമിട്ട പ്രവൃത്തിയിൽ 102 Km പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ടെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്.

ആകെ പദ്ധതി തുകയുടെ 45% കേന്ദ്ര ഗവൺമെന്റ് വിഹിതവും 30% സംസ്ഥാന ഗവൺമെന്റ് വിഹിതവും 15% ഗ്രാമപഞ്ചായത്ത് വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമാണ്. 212805875 രൂപ അടങ്കലുള്ള പദ്ധതി നടത്തിപ്പിനായി ഗ്രാമപഞ്ചായത്ത് വിഹിതമായി വകയിരുത്തിയിരിക്കുന്നത് 31920881 രൂപയാണെങ്കിലും തുകയൊന്നും നിലവിൽ നൽകിയിട്ടില്ല. എന്നിരുന്നാലും ജലജീവൻ മിഷൻ ലക്ഷ്യമിട്ട പദ്ധതി പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിൽ ആരംഭിക്കുകയും കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവർത്തനം നടപ്പിലാക്കിയിട്ടുമുണ്ട്.

ധനകാര്യ വകുപ്പിന്റ 10-08-2020-ലെ സ.ഉ (സാധാ) 4584/2020/ധനം ഉത്തരവ് പ്രകാരം ജലജീവൻ പദ്ധതിയിൽ പഞ്ചായത്ത് വിഹിതവും ഗുണഭോക്തൃവിഹിതവും കണ്ടെത്തുവാൻ കഴിയാതെ വരുന്ന പഞ്ചായത്തുകൾക്ക് എം.എൽ.എ മാരുടെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സാധ്യത ഗ്രാമപഞ്ചായത്തിന് പ്രയോജനപ്പെടുത്താവുന്നതാണ്.

ജലജീവൻ മിഷൻ പ്രവർത്തനങ്ങൾക്കായി വിവിധ വകുപ്പുകളുടെ ഏകോപനം ആവശ്യമാണ്. ഗ്രാമപഞ്ചായത്ത്, വാട്ടർ അതോറിറ്റി, പി.ഡബ്ല്യൂ.ഡി വകുപ്പുകളുടെയും കുടുംബശ്രീയുടെയും സംയുക്ത ശ്രമഫലമായി മാത്രമെ പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. പദ്ധതി പ്രവർത്തനങ്ങൾക്കായി കുഴിച്ച റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിലേക്കായി സമയബന്ധിതമായി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. മോണിറ്ററിംഗ് സംബന്ധമായ രേഖകൾ ലഭ്യമല്ലാത്തതിനാൽ പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ചും ഫലപ്രാപ്തി

സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല. എല്ലാവർക്കും കുടിവെള്ളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ സമഗ്ര ഇടപെടൽ ആവശ്യമാണ്.

## 1-43 ഹെൽത്ത് ഗ്രാന്റ് - അവലോകനം

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഡിസ്പെൻസറികളുമുൾപ്പെടെയുള്ള ആരോഗ്യ-ശുചിത്വ മേഖല, കുടുംബ ക്ഷേമം മുതലായവ പഞ്ചായത്തുകളുടെ ചുമതലയാണ്. ഈ മേഖലയിൽ ഫലപ്രദമായി ഇടപെടുന്നതിന് പഞ്ചായത്തുകളെ ശാക്തീകരിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യ മേഖല ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 മുതൽ 2025-26 വരെയുള്ള വർഷങ്ങളിലാണ് ഗ്രാന്റ് അനുവദിക്കുന്നത്. കേന്ദ്ര ധനമന്ത്രാലയത്തിന്റെ 16/07/2021 ലെ OM No. 15(2) FC-XV /FCD/20-25 പ്രകാരം ആരോഗ്യ മേഖല ഗ്രാന്റുകൾ സംബന്ധിച്ച പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ നടപ്പാക്കുന്നതിന് പ്രവർത്തനമാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള താഴെ ചേർക്കുന്ന സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്.

<u>ഗ്രാമീണ മേഖല</u>

1. സ്കീം 1 - കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം.

2. സ്കീം 2 - ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം.

3. സ്കീം 3 – ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ

4. സ്കീം 4 – ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ

<u>നഗര പ്രദേശം</u>

5. സ്കീം 5 – നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

6. സ്കീം 6- അർബൻ ഹെൽത്ത് & വെൽനെസ് കേന്ദ്രങ്ങൾ

മേൽ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ആരോഗ്യ മേഖല ഗ്രാന്റ് തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ 09-12-2021-ലെ സ.ഉ.(പി) നം.169/2021/ധന. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം തദ്ദേശ വകുപ്പിന്റെ ഓരോ സ്കീമിനുമുള്ള പ്രത്യേക ബാങ്ക് അക്കൗണ്ടുകളിലേക്ക് ധനകാര്യ വകുപ്പിന്റെ ബാങ്ക് അക്കൗണ്ടിൽ നിന്നും തുക ട്രാൻസ്ഫർ ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളിൽ ഓരോ സ്കീമിന്റേയും ഫണ്ടുകളുടെ വരവും ചെലവും പ്രത്യേകം നിരീക്ഷിക്കേണ്ടതും പ്രവർത്തനങ്ങൾ യഥാസമയം നിർവ്വഹിക്കപ്പെടേണ്ടതുമാണ്.

സ.ഉ.(സാധാ)നം.2132/2022/തസ്വഭവ, തീ.31.08.2022 നമ്പർ ഉത്തരവ് പ്രകാരം 2021-22-ലെ ആരോഗ്യ മേഖല ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സ.ഉ.(സാധാ)നം.1625/2023/ തസ്വഭവ, തീ. 09.08.2023 നമ്പർ ഉത്തരവ് പ്രകാരം 2022-23-ലെ ആരോഗ്യ മേഖല ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സ്കീം-1, സ്കീം-3, സ്കീം-4 എന്നിവ പ്രകാരമുള്ള ഗ്രാന്റും സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. 05-07-2022-ലെ പഞ്ചായത്ത് ഡയറക്ടറുടെ PAN.11134/2021-J1(DP) നമ്പർ നടപടിക്രമങ്ങൾ പ്രകാരം സ്കീം - 3 പ്രകാരമുള്ള രോഗനിർണ്ണയ സൗകര്യങ്ങൾക്കായും സ്കീം-4 പ്രകാരമുള്ള ഹെൽത്ത് & വെൽനെസ്സ് സെന്റർ എന്നിവയ്ക്കുള്ള അധിക തുകയും അനുവദിച്ചിട്ടുണ്ട്.

മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിന് സ്കീം-1 പ്രകാരം തുകയൊന്നും ലഭിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന് 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലായി ലഭിച്ചതും ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ലഭിച്ച ഹെൽത്ത് ഗ്രാന്റ് | | | ആകെ | ചെലവഴിച്ച ഹെൽത്ത് ഗ്രാന്റ് | | | ആകെ | ബാലൻസ് |
|---|---|---|---|---|---|---|---|---|---|---|
| | | 2022-23 | 2023-24 | 2024-25 | | 2022-23 | 2023-24 | 2024-25 | | |
| 1 | സ്കീം 3 – ഗ്രാമ പ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (KL-278) | 173591 | 749419 | 325073 | **1248083** | 177303 | 555649 | 231279 | **964231** | 283852 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 2 | സ്കീം 4 – ഗ്രാമ പ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപ കേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ (KL-281) | 90857 | 284727 | 554235 | **929819** | 90000 | 135798 | 195597 | **421395** | 508424 |
| | **ആകെ** | 264448 | 1034146 | 879308 | **2177902** | 267303 | 691447 | 426876 | **1385626** | 792276 |

മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിൽ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി പ്രവർത്തിക്കുന്നു. 3 സബ്സെന്ററുകളാണ് ആശുപത്രിയ്ക്ക് കീഴിലുള്ളത്. ഒരെണ്ണം ആരോഗ്യകേന്ദ്രത്തിനോട് ചേർന്നുള്ള മെയിൻ സെന്ററാണ്. കീഴ്വായ്പൂര്, മുരണി എന്നിവിടങ്ങളിൽ മറ്റ് സബ്സെന്ററുകൾ പ്രവർത്തിക്കുന്നു. താലൂക്ക് ആശുപത്രിയിൽ ലാബ് സൗകര്യമുണ്ടെങ്കിലും സബ്സെന്ററുകളിൽ ലാബ് സൗകര്യമില്ല. റീ-ഏജന്റുകൾ ആവശ്യമില്ലാത്ത ടെസ്റ്റുകൾ (കാർഡ് ടെസ്റ്റുകൾ) സബ്സെന്ററുകളിൽ നടത്തുന്നുണ്ട്.

**ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ആവിഷ്കരിച്ച പദ്ധതികളുടെ വിവരം**

സ്കീം 3 – ഗ്രാമ പ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, സ്കീം 4 – ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ എന്നിവ പ്രകാരം നടപ്പാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേരും, നമ്പരും | വകയിരുത്തിയ തുക | ചെലവഴിച്ച തുക | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| | **2022-23** | | | |
| 1 | ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ 201/23 | 763000 | 9000 | മെഡിക്കൽ ഓഫീസർ |
| 2 | ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തനങ്ങൾ 202/23 | 177303 | 177303 | |
| | **ആകെ** | | **267303** | |
| | **2023-24** | | | |
| 5 | മല്ലപ്പള്ളി താലൂക്ക് ആശുപത്രിയിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ 188/24 | 800000 | 555649 | മെഡിക്കൽ ഓഫീസർ |
| 6 | ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 326000 | 135798 | |
| | **ആകെ** | | **691447** | |
| | **2024-25** | | | |
| 5 | ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ 255/25 | 190202 | 190202 | മെഡിക്കൽ ഓഫീസർ |
| 6 | മല്ലപ്പള്ളി താലൂക്ക് ആശുപത്രിയിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ 256/25 | 198351 | 198351 | |
| 7 | മല്ലപ്പള്ളി താലൂക്ക് ആശുപത്രിയിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ 335/25 | 315000 | 32928 | |
| 8 | സബ് സെന്ററുകളിൽ ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ 336/25 | 519000 | 5395 | |
| | **ആകെ** | | **426876** | |

ഹെൽത്ത് ഗ്രാന്റ് ഫലപ്രദമായി വിനിയോഗിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പദ്ധതിയ്ക്കാണ് കൂടുതൽ തുക ചെലവഴിച്ചിട്ടുള്ളത്. പരിശീലന/ബോധവൽകരണ ക്ലാസുകൾ നടത്തിയിട്ടില്ല. സ്കീം-3, സ്കീം-4 എന്നിവയ്ക്കായി ആകെ ലഭിച്ച **21.77** ലക്ഷം രൂപയിൽ **13.85** ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 7.92 ലക്ഷം രൂപ നിലവിൽ അവശേഷിക്കുന്നുണ്ട്.

ഹെൽത്ത് ഗ്രാന്റ് അനുവദിച്ചതിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾക്കായി തുക ചെലവഴിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 തൊഴിൽനികുതി കുറവായി ഈടാക്കി

സ.ഉ.(സാധാ).നം.1149/2024/LSGDതീയതി 27.06.2024 പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ തൊഴിൽനികുതി സ്ലാബുകൾ പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട് (01.10.2024 മുതൽ പ്രാബല്യം). തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ രേഖകളുടെ പരിശോധനയിൽ, ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവുണ്ടായിട്ടുള്ളതായി ബോദ്ധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരുടെ പേര് | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ടിയിരുന്ന തൊഴിൽ നികുതി | ഈടാക്കിയ തൊഴിൽ നികുതി | കുറവായി ഈടാക്കിയ തുക |
|---|---|---|---|---|---|---|
| 1 | താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, മല്ലപ്പള്ളി | ബിന്ദു പി. | 38640 | 600 | 300 | 300 |
| 2 | മല്ലപ്പള്ളി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കീഴ്വായ്പൂർ | സുജിത സോമൻ | 48000 | 750 | 450 | 300 |
| 3 | | പ്രിയ തങ്കപ്പൻ | 24000 | 450 | 180 | 270 |
| 4 | | അജയരാജ് | 24000 | 450 | 180 | 270 |
| 5 | മല്ലപ്പള്ളി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, പാടിമൺ | സുരേഷ് കുമാർ പി.പി. | 24000 | 450 | 180 | 270 |
| 6 | പോസ്റ്റ് ഓഫീസ്, പെരുമ്പ്രമാവ് | ഗോവിന്ദ് ഗണേഷ് | 72000 | 750 | 600 | 150 |
| 7 | എഫേത്താ പ്രൊഡക്ഷൻ സെന്റർ | ജോർജ് മാത്യു | 31000 | 600 | 300 | 300 |
| 8 | | ജോസഫ് വർഗീസ് | 72000 | 750 | 600 | 150 |
| 9 | | ജേക്കബ് മാത്യു | 39648 | 600 | 300 | 300 |
| 10 | | ബെന്നി ജോൺ | 42600 | 600 | 300 | 300 |
| | ആകെ | | | | | 2610 |

I) മല്ലപ്പള്ളി താലൂക്ക് ഹോസ്പിറ്റലിലെ ശ്രീമതി രേഷ്മ ബാബു എന്ന ജീവനക്കാരിയുടെ അടിസ്ഥാന ശമ്പളം 21,610 രൂപയും ശ്രീമതി മഞ്ജു കെ. എന്ന ജീവനക്കാരിയുടെ അടിസ്ഥാനശമ്പളം 21,400 രൂപയും ആണെന്ന് തൊഴിൽനികുതി റിട്ടേണിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് കണക്കാക്കിയാൽ ഇവരുടെ അർദ്ധവാർഷിക വരുമാനം യഥാക്രമം 1,29,660, 1,28,400 എന്നിങ്ങനെയാണ്. ആയത് പ്രകാരം 1,250 രൂപ വീതമാണ് തൊഴിൽനികുതി ഈടാക്കേണ്ടിയിരുന്നത്. ലഭ്യമാക്കിയ റിട്ടേൺ പ്രകാരം 1,000 രൂപ വീതമാണ് ഈടാക്കിയിരിക്കുന്നത്. ആകെ 500 രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്. സ്ഥാപനം സമർപ്പിച്ചിട്ടുള്ള റിട്ടേണിൽ അർദ്ധവർഷത്തെ ആകെ വരുമാനം രേഖപ്പെടുത്തിയിട്ടില്ല. യഥാർത്ഥ വരുമാനം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കി തൊഴിൽനികുതി കൃത്യമായി കണക്കാക്കി ഈടാക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 11/25.10.2025) ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽനികുതി റിട്ടേണുകൾ ഫ്രണ്ട് ഓഫീസ് വഴി സ്വീകരിച്ചപ്പോൾ സ്ലാബുകൾ തെറ്റിയതുമൂലം കുറവായി ഈടാക്കിയ തുക അടിയന്തരമായി നോട്ടീസ് നൽകി പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. കുറവായി ഈടാക്കിയ 3,110 രൂപ ഈടാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 മെഡിസെപ് പ്രീമിയം വിവരങ്ങൾ

1. മെഡിസെപ്പ് പ്രീമിയം ഒടുക്ക് [(റഗുലർ ജീവനക്കാർ) 01.04.2024 മുതൽ 31.03.2025 വരെയുള്ള കാലയളവിൽ സർവ്വീസിൽ പ്രവേശിച്ചവരുടേത് ഒഴികെ]

| 2024-25 ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കുവാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 32 | 118000 | 118000 | ഇല്ല | ഇല്ല |

2. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കുവാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 0 | - | - | - | - | - |

3. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01-07-2024 മുതൽ 31-07-2024 നുള്ളിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ള റഗുലർ വിഭാഗം ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച വർഷം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക | ഒടുക്കുവാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 0 | - | - | - | - | - |

4. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ള റഗുലർ വിഭാഗം ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച വർഷം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കടിശ്ശിക ഉൾപ്പെടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കുവാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 2 | 2024-25 | 8000 | 8000 | 0 | രണ്ടുമാസത്തെ കടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു. |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ പേര്, നമ്പർ | ലഭിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| ജില്ലാ പഞ്ചായത്ത് | പാലിന് സബ്സിഡി, 151/25 | 320 | 320 |
| | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി, 17/25 | 36177 | 36177 |
| | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും, 20/25 | 300000 | 300000 |
| ആകെ | | 336497 | 336497 |
| മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | വനിതാ ഗ്രൂപ്പുകൾക്ക് കൃഷിക്ക് ധനസഹായം, 291/25 | 25000 | 25000 |
| | പാലിന് സബ്സിഡി, 151/25 | 100000 | 100000 |
| | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, 17/25 | 39588 | 39588 |
| | അനുപൂരക പോഷകാഹാര പദ്ധതി, 15/25 | 38808 | 38808 |
| | ഭിന്നശേഷിയുള്ളവർക്ക് സഹായ ഉപകരണങ്ങൾ, 285/25 | 78947 | 78947 |
| | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും, 20/25 | 109200 | 109200 |

| | | | |
|---|---|---|---|
| | ലൈഫ് ഭവന നിർമാണം-ജനറൽ, 152/25 | 70000 | 70000 |
| | ലൈഫ് ഭവന നിർമാണം-എസ്.സി.പി, 4/25 | 560000 | 560000 |
| ആകെ | | 1021543 | 1021543 |

## 4-3 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര്, നമ്പർ | ഏജൻസി | തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതിന്റെ വിവരം |
|---|---|---|---|---|
| 1 | തെരുവുവിളക്കിന് ലൈൻ ദീർഘിപ്പിക്കൽ, 181/2025 | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, വെച്ചൂച്ചിറ | 68273 | ഇല്ല |
| 2 | വൈദ്യുതപോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ, 187/2025 | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, മല്ലപ്പള്ളി | 58306 | ഇല്ല |
| | ആകെ | | 126579 | |

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

ലൈഫ് ഭവന പദ്ധതിയ്ക്കായി ഗ്രാമപഞ്ചായത്ത് ലോൺ എടുത്തിട്ടില്ല. എന്നാൽ 2024-25 വർഷം വികസന ഫണ്ടിൽ നിന്ന് വായ്പ റിക്കവറിയായി 292945 രൂപ സർക്കാർ ഈടാക്കിയിട്ടുണ്ട്.

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം/ ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം/ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2014-15 | 2016-17 അദ്ധ്യായം-2 അനുബന്ധം-4 | തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട അപാകതകൾ 2014-15 | പരിഗണിച്ചിട്ടില്ല |
| പ്രവർത്തന ക്ഷമത റിപ്പോർട്ട് | 2013-14/ 6.2.1 | പൊതുമാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് ബസ്സ്റ്റാന്റ് / കമ്മ്യൂണിറ്റി ഹാൾ-എന്നിവയുടെ വിശദാംശങ്ങൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല | സമിതിയുടെ പരിഗണനയിൽ |

| | | | |
|---|---|---|---|
| പ്രവർത്തന ക്ഷമത റിപ്പോർട്ട് | 2013-14/ 6.4 | തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ രേഖപ്പെടുത്തിയ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നില്ല. സംയുക്ത പരിശോധന നടത്തി പ്രവർത്തിക്കാത്ത വിളക്കുകളുടെ എണ്ണം ശേഖരിച്ചിട്ടില്ല | സമിതിയുടെ പരിഗണനയിൽ |
| പ്രവർത്തന ക്ഷമത റിപ്പോർട്ട് | 2013-14/ 6.4.1 | 1. ടെണ്ടർ പരസ്യത്തിൽ ആവശ്യപ്പെട്ടതിനേക്കാൾ ഇരട്ടിയിലധികം വൈദ്യുത ഉപകരണങ്ങൾ വാങ്ങി<br>2. തെരുവ് വിളക്കിന് മീറ്റർ സ്ഥാപിക്കേണ്ട ആവശ്യകത - പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ | സമിതിയുടെ പരിഗണനയിൽ |
| 2001-02<br>2-12 | 2006-07<br>3-18-1-7 | JRY ഫണ്ടിൽനിന്നുള്ള ചെലവ് (315000)<br>വൗച്ചറുകൾ/ഫയലുകൾ/ രേഖകൾ ഹാജരാക്കിയില്ല | Para 31- വകുപ്പിന്റെ മറുപടിയും പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്ന പഞ്ചായത്ത് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്തു. |

## 4-9 ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം) | 59937778 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 38177478 |
| വരവിനങ്ങളിലുള്ള നഷ്ടം | 3110 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 826422 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരുംഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 [1.15(1)] | 2610 | 0 | ശ്രീ. ബിന്ദ പി.എൽ, സെക്രട്ടറി |
| 2-1 [1.15(2)] | 500 | 0 | ശ്രീ. ബിന്ദ പി.എൽ, സെക്രട്ടറി |
| ആകെ | 3110 | | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | തുക |
|---|---|---|
| 1-29 | ശ്രീ. ബിനു പി.എൽ, സെക്രട്ടറി | 494674 |
| 1-30 | ശ്രീ. ബിനു പി.എൽ, സെക്രട്ടറി | 126579 |
| 1-31 | ശ്രീ. ബിനു പി.എൽ, സെക്രട്ടറി | 100000 |
| 1-32 | ശ്രീമതി ഗൗരിപ്രിയ എൽ, അസിസ്റ്റന്റ് എഞ്ചിനീയർ | 80000 |
| 1-39 | ഡോ. സിനീഷ് പി. ജോയ്, മെഡിക്കൽ ഓഫീസർ | 25169 |
| ആകെ | | 826422 |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഗൗരിപ്രിയ എൽ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത് | പുത്തൻവീട്, കടയ്ക്കാവൂർ പി.ഒ. തിരുവനന്തപുരം-695306 |
| ശ്രീ ബിനു പി.എൽ, സെക്രട്ടറി | നെടുവത്തൂർ ഗ്രാമപഞ്ചായത്ത്, കൊല്ലം | പനവിള ഹൗസ്, കുളത്തൂപ്പുഴ പി.ഒ, കൊല്ലം, 691310 |
| ഡോ. സിനീഷ് പി ജോയ്, മെഡിക്കൽ ഓഫീസർ | കുറവിലങ്ങാട്, സി.എച്ച്.സി, കോട്ടയം | പുതിയ വീട്ടിൽ, ചേർപ്പുങ്കൽ പി.ഒ, കോട്ടയം – 686584 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.പി.റ്റി.എ.പി2-296/09 തീയതി: 11.08.2010 | റിപ്പോർട്ട് പൂർണ്ണമായും അവശേഷിക്കുന്നു |
| 1998-99 | എൽ.എഫ്.പി.റ്റി.എ.പി8-96/2010 തീയതി: 07.03.2011 | റിപ്പോർട്ട് പൂർണ്ണമായും അവശേഷിക്കുന്നു |
| 1999-2000 | എൽ.എഫ്.പി.റ്റി.എ.പി3-492/2010 തീയതി: 13.04.2010 | 1 (2-5) |
| 1999-2000 | എൽ.എഫ്.പി.റ്റി.എ.പി3-597/2000 തീയതി: 09.10.2000 | 2 (8, 13) |
| 2000-01 (ജ.ആ.) | എൽ.എഫ്.പി.റ്റി.എ.പി3-457/04 തീയതി: 16.09.2004 | റിപ്പോർട്ട് പൂർണ്ണമായും അവശേഷിക്കുന്നു |
| 2000-01 (വരവ്) | എൽ.എഫ്.പി.റ്റി.എ.പി3-493/10 തീയതി: 29.07.2011 | റിപ്പോർട്ട് പൂർണ്ണമായും അവശേഷിക്കുന്നു |
| 2000-01 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി4-86/06 തീയതി: 31.12.2006 | 2 (2-10, 2-12) |
| 2001-02 | എൽ.എഫ്.പി.റ്റി.എ.പി4-458/04 തീയതി: 18.12.2004 | റിപ്പോർട്ട് പൂർണ്ണമായും അവശേഷിക്കുന്നു |

| | | |
|---|---|---|
| 2002-03 | എൽ.എഫ്.പി.റ്റി.എ.പി4-730/06 തീയതി: 04.08.2017 | 12 [2-1, 2-6(2), 2-6(4-A), 2-6(6-A), 2-6(6-B), 2-8, 2-10, 2-13, 2-15, 2-17, 2-19] |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി7-98/2010 തീയതി: 20.12.2011 | 17 (3-16-2, 3-16-3, 3-17-3, 3-18-1, 3-18-3, 3-18-4, 3-19-2, 3-19-3, 3-21, 3-22-4, 3-23-3, 3-24, 3-25-1, 3-25-2, 3-26, 3-27, 2-28-2) |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി7-312A/11 തീയതി: 04.07.2011 | 18 (1-1, 2-2, 2-5, 2-6, 3-1, 3-2, 3-4, 3-5, 3-6, 3-7, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-21, 3-22) |
| 2007-08 | എൽ.എഫ് പി.റ്റി.എ.പി3/493/10 തീയതി: 06.06.2014 | 1 (3-7) |
| 2008-09 | എൽ.എഫ്.പി.റ്റി.എ.പി3-495/2010 തീയതി: 28.07.2011 | 10 (1-1, 1-2, 2-5, 3-3, 3-4, 3-5, 3-6, 3-8, 3-9, 3-10) |
| 2010-11 & 2011-12 | എൽ.എഫ്.പി.റ്റി.എ.പി7-817/2013 തീയതി: 18.10.2014 | 10 (2-2, 2-4, 3-2, 3-5, 3-9, 3-10, 3-11, 3-12, 3-14, 3-15) |
| 2012-13 | എൽ.എഫ്.പി.റ്റി.എ.പി7-1065/14 തീയതി: 16.05.2015 | 9 (3-3, 3-4, 3-5, 3-11, 3-16, 3-18, 3-20, 3-2, 3-22, 3-22-1) |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി9/1450/16 തീയതി: 20-01-2017 | 3 (3-2, 3-3, 3-6) |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി7-1060/17 തീയതി: 14.09.2017 | 12 (1-10, 2-1, 2-2, 2-4, 2-5, 2-13(2), 2-14, 3-1, 3-2, 3-3, 3-7, 3-9) |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി7-1191/18 തീയതി: 04.08.2018 | 7 (2-1, 2-2, 2-3, 2-4, 3-7, 3-11, 4-2) |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി9/199/20 തീയതി: 20.03.2020 | 17 (1-11 To 1-22, 1-24-To 1-29) |
| 2019-20 | കെ.എസ്.എ.പി.റ്റി.എ.പി9/607/21 തീയതി: 01.10.2021 | 10 (1-11, 1-12, 1-13, 1-14, 1-16, 1-17, 1-18, 1-19, 1-22, 1-23) |
| 2020-21 | കെ.എസ്.എ.പി.റ്റി.എ.പി9/608/21 തീയതി: 03.10.2021 | 16 (1-12 To 1-18, 1-20, 1-22, 1-24, 1-25, 1-29, 1-30, 1-31, 4-7, 4-9) |
| 2021-22 | കെ.എസ്.എ.പി.റ്റി.എ.പി9/1311/22 തീയതി: 12.12.2022 | 19 (1-11, 1-13, 1-14, 1-17, 1-17-1, 1-17-2, 1-17-3, 1-17-4, 1-18, 1-19, 1-22, 1-23, 1-24, 1-27, 1-28, 1-29, 1-33, 1-34, 4-2) |
| 2022-23 | കെ.എസ്.എ.പി.റ്റി.എ.പി7/865/23 തീയതി: 20.09.2023 | 17 (1-12, 1-15, 1-16-2, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-25, 1-28, 1-29, 1-30, 1-31, 4-2, 4-10) |
| 2023-24 | കെ.എസ്.എ.പി.റ്റി.എ.പി7/1142/24 തീയതി: 21.11.2024 | 20 (1-1-5, 1-1-6, 1-1-12, 1-12, 1-13, 1-14, 1-15, 1-16, 1-19, 1-21, 1-22, 1-24, 1-25, 1-29, 1-32, 1-33, 1-37, 1-40, 1-41, 1-42) |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3/1 dated 11-07-2025 and submitted on 19-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the MALLAPPALLY Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of MALLAPPALLY Grama Panchayat as on 31-03-2025

**Date: 21/11/2025**

**Deputy Director**
**District Office Pathanamthitta**
**Kerala State Audit Department**

# Audit Report appended to the Audit Certificate of MALLAPPALLY Grama Panchayat for the Year 2024-2025 .

**1.Major Observations**

1. The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

**2.Other Observations**

1. Cashflow Statement - Net increase in Cashflow does not match with the difference

between the opening balance and closing balance of cash and cash equivalents.

2. Bank reconciliation of CFC Fund is not done properly.
3. The advance amount given to implementing officers is not included in Annual Financial Statement.
4. The value of asset created during the Financial year is not added to capital contribution.
5. The journal entries are not authenticated.
6. The balance amount of ICDS Account is not reconciled with B4 Schedule.
7. The amount booked as advance to MNREGA in the Annual Financial Statement is not reconciled with ACR.
8. The liability entry in respect of stale cheques is not convinced.
9. Basic ratios as per Kerala Panchayat Raj Accounting Rules and notes on significant accounting policies were not included in annual accounts.
10. The amount shown under Capital Work in Progress is not accurate.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്